കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.- ഐ.ഡി.കെ.-12-1231-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/03/2022
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.- ഐ.ഡി.കെ.-12-1231-2021 തീയ്യതി: 04/03/2022

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2020 മുതൽ 15-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി. ആർ..	ഡെപ്യൂട്ടി ഡയറക്ടർ	16-12-2021	24-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-12-2021	24-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റ്റി എസ് ധനജയൻ, ഓഡിറ്റ് ഓഫീസർ
വി ജി സജിമോൻ, ഓഡിറ്റ് ഓഫീസർ
എം കെ അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ
മേജോ കെ ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബെന്നി മാത്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ
എബി എബ്രാഹം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോമോൻ ഫ്രാൻസീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
എസ് ജ്ഞാനസുന്ദരം	പ്രസിഡന്റ്	01-04-2020	11-11-2020

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	12-11-2020	29-12-2020
ശോഭന വിജയൻ	പ്രസിഡന്റ്	30-12-2020	31-03-2021
അജികുമാർ എ വി	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രവീൺകുമാർ എസ്	അസ്സിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീജാ ആർ	വി ഇ ഒ (ഹെഡ്ക്വാർട്ടേഴ്സ് സർക്കിൾ)	01-04-2020	28-09-2020
വിബിൻകുമാർ പി വി	വി ഇ ഒ (ഹെഡ്ക്വാർട്ടേഴ്സ് സർക്കിൾ)	29-09-2020	31-03-2021
റീനാമാൾ ചാക്കോ	വി ഇ ഒ (താന്നിമൂട് സർക്കിൾ)	01-04-2020	09-06-2020
ശ്രീജ ആആർ	വി ഇ ഒ (താന്നിമൂട് സർക്കിൾ)	10-06-2020	28-09-2020
വിബിൻകുമാർ പി വി	വി ഇ ഒ (താന്നിമൂട് സർക്കിൾ)	29-09-2020	31-03-2021
സിയാദ് എ	അസ്സിസ്റ്റന്റ് എഞ്ചിനിയർ	01-04-2020	26-06-2020
പി എം റഷീദ്	അസ്സിസ്റ്റന്റ് എഞ്ചിനിയർ	27-06-2020	31-12-2020
ദീപ എ എസ്	അസ്സിസ്റ്റന്റ് എഞ്ചിനിയർ	01-01-2021	31-03-2021
ഷീന ജോൺസ്	കൃഷി ഓഫീസർ	01-04-2020	31-03-2021
ഡോ തങ്കമ്മ ജെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	30-04-2020
ഡോ മീരാദേവി ആർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-05-2020	31-03-2021
ബിനാഷ് തോമസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ഡോ പ്രശാന്ത് വി	മെഡിക്കൽ ഓഫീസർ (അലോപ്പതി)	01-04-2020	31-03-2021
ഡോ സി എൻ ദിനേശ്	വെറ്ററിനറി സർജൻ	01-04-2020	14-05-2020
ഡോ കെ എം ജേക്കബ്	വെറ്ററിനറി സർജൻ	15-05-2020	31-05-2020
ഡോ പി പാർത്ഥിപൻ	വെറ്ററിനറി സർജൻ	01-06-2020	11-06-2020
ഡോ ജസ്റ്റിൻ ജേക്കബ്	വെറ്ററിനറി സർജൻ	12-06-2020	01-02-2021
ഡോ കെ എം ജേക്കബ്	വെറ്ററിനറി സർജൻ	02-02-2021	08-03-2021
ഡോ തിനകരൻ	വെറ്ററിനറി സർജൻ	09-03-2021	31-03-2021
ശശികല കെ എസ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2020	21-07-2020
മേരിക്കുട്ടി മാണി	ഐ സി ഡി എസ് സൂപ്പർവൈസർ	22-07-2020	31-03-2021

.

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3-1
4	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ	1-3-2
5	പദ്ധതി അവലോകനം	1-4
6	തൊഴിലുറപ്പ് പദ്ധതി	1-5
7	ക്ഷേമ പദ്ധതികൾ	1-6
8	ക്യാഷ് പരിശോധന	1-7
9	ആഭ്യന്തര നിയന്ത്രണം	1-8
10	വാർഷിക കണക്കിലെ അപാകതകൾ	1-9-1
11	വരവ് തുകയുടെ ഇനം വ്യക്തമല്ല	1-9-2
12	സാംഖ്യ-സഞ്ചയ വ്യതിയാനം	1-9-3
13	രേഖകളുടെ പിൻബലമില്ലാതെ ₹12,800/-ഡിമാന്റ് ഒഴിവാക്കി	1-9-4
14	പ്രത്യേക ഉദ്ദേശ ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ടും നിക്ഷേപിക്കുന്നു	1-9-5
15	തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു	1-9-6
16	വാങ്ങിയ സാധനങ്ങൾ അസറ്റിൽ ചേർത്തിട്ടില്ല	1-9-7
17	വസ്തു നികുതി ഇനത്തിൽ ഗണ്യമായ തുക കുടിശ്ശിക	1-10
18	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-11
19	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-12
20	വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-13
21	വാടക - കുടിശ്ശികയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-14
22	ലേല തുക ഈടാക്കിയിട്ടില്ല	1-15
23	വണ്ടിത്താവളങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്	1-16
24	കെട്ടിടങ്ങളുടെ പെർമിറ്റ്, പൂർത്തീകരണം, നികുതി നിർണ്ണയം എന്നിവ ഒരു ഫയലായി സൂക്ഷിക്കുന്നില്ല	1-17
25	കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു നൽകിയതു കൊണ്ട് നഷ്ടം,15,298/	1-18
26	നിക്ഷേപങ്ങൾ	1-19
27	MGNREGS കരാർ ജീവനക്കാരുടെ ശമ്പള മുൻകൂർ ക്രമീകരിക്കാൻ ശേഷിക്കുന്നു	1-20
28	സ്യൂട്ട് രജിസ്റ്റർ അപൂർണം-കോടതി വ്യവഹാരങ്ങൾ നിരീക്ഷിക്കാൻ സംവിധാനമില്ല	1-21
29	ഹരിത കർമസേനാ പ്രവർത്തനം	1-22
30	ആയുർവേദ ഡിസ്പെൻസറി ബഹുഭൂരിപക്ഷം ജനങ്ങൾക്കും അപ്രാപ്യം	1-23
31	പട്ടികജാതി വിഭാഗത്തിലെ വിദ്യർത്ഥികൾക്ക് ലാപ്ടോപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല	1-24
32	തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വേല സംബന്ധിച്ച്	1-25
33	എസ്.എസ്.എ വിഹിതം ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ	1-26

	വിനിയോഗ വിവരം ലഭ്യമല്ല	
34	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ	1-27
35	ഭവന നിമ്മാണം പൂത്തിയാക്കാത്തത് സംബന്ധിച്ച് - എസ്.സി & ജനറൽ	1-28
36	ലൈഫ് ഭവന പദ്ധതിയിൽ (എസ്.സി)അധിക സാമ്പത്തിക സഹായം നൽകിയതു കൊണ്ടുള്ള നഷ്ടം - ₹1,20,000/-	1-29
37	പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി	1-30
38	തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കി	1-31
39	അംഗൻവാടികൾക്ക് ഫർണിച്ചർ - പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചില്ല	1-32
40	പകൽ വീടിന് ഫർണിച്ചർ-പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല	1-33
41	സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുണിസഞ്ചി വിതരണം	1-34
42	പ്രോക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ പ്രോജക്ടുകൾ നടപ്പാക്കുന്നു.	1-35
43	ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-36
44	വ്യാപാരികൾക്ക് വേസ്റ്റ് ബിൻ വിതരണം - അപാകങ്ങൾ	1-37
45	സുഭിക്ഷകേരളം - തരിശുഭൂമിയിൽ ഏത്തവാഴകൃഷി- പ്രോജക്ട് നടത്തിപ്പിൽ ഗുരുതര ക്രമക്കേടുകൾ	1-38
46	തുക്കപാലം അമിനിറ്റി സെന്റർ - നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല	1-39
47	ഇ-ടെൻഡർ ഫോം വില ,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല	1-40
	ഭാഗം **2**	
1	വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല	2-1
2	ലേല തുക ഈടാക്കിയിട്ടില്ല	2-2
	ഭാഗം **3**	
1	കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു നൽകിയതു കൊണ്ട് നഷ്ടം ₹ 15,298/-	3-1
2	ലൈഫ് ഭവന പദ്ധതിയിൽ (എസ്.സി)അധിക സാമ്പത്തിക സഹായം നൽകിയതുകൊണ്ടുള്ള നഷ്ടം ₹1,20,000/-	3-2
	ഭാഗം **4**	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ-വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു.

ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം./തീയതി	01(i)/22.2.2020
ബജറ്റ് അവതരിപ്പിച്ച തീയതി	07.03.2020
ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി	3(i)/13.03.2020
പുതുക്കിയ ബജറ്റ് അവതരിപ്പിച്ച തീയതി	11.2.2021
പ്രതീക്ഷിത വരവ്	₹422577600
പ്രതീക്ഷിത ചെലവ്	₹390348884

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുസരിച്ച് ജനുവരി മാസത്തിനുള്ളിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും തുടർന്നുള്ള വർഷത്തേക്കാവശ്യമുള്ള ധന വിനിയോഗത്തിന്റെ വിശദാംശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതീക്ഷിത വരവ്-ചെലവുകൾ നിർണ്ണയിക്കേണ്ടതും മാർച്ച് ആദ്യ വാരത്തിനുള്ളിൽ ഭരണ സമിതി മുൻപാകെ അവതരിപ്പിക്കേണ്ടതുമാണ്. പ്രതീക്ഷിത തുകകൾ മുൻവർഷത്തെ യഥാർത്ഥ തുകകളോട് നീതി പുലർത്തും വിധം നിർണ്ണയിച്ച് ഉൾപ്പെടുത്തിയാൽ മാത്രമാണ് ബജറ്റിന്റെ യഥാർത്ഥ ലക്ഷ്യമായ സാമ്പത്തിക അച്ചടക്കം പാലിക്കൽ സാർത്ഥകമാകുന്നത്. തൻ വർഷത്തെ പ്രതീക്ഷിത വരവ്-ചെലവ് തുകകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ അന്തരമുള്ളതായി കാണുന്നു. നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് സമയബന്ധിതവും ശാസ്ത്രീയവുമായി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	01.07.2021		

1-3-1 ഗ്രാന്റ് വിനിയോഗം

ഇനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസന ഫണ്ട്	പൊതു വിഭാഗം	0	33288750	33288750	32781302	507448
	പട്ടിക ജാതി വിഭാഗം	0	6636000	6636000	6200422	435578
	പട്ടിക വർഗ്ഗ വിഭാഗം	0	687000	687000	385932	301068

മെയിന്റനൻസ് ഗ്രാന്റ്	റോഡ്	0	14868000	14868000	13187115	1680885
	റോഡിതരം	0	7849000	7849000	5878270	1970730
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ഉപാധി	0	12960000	12960000	3598032	9361968
	ഉപാധി രഹിതം	0	21461026	21461026	14613513	6847513
ജനറൽ പർപ്പസ് ഫണ്ട്		0	19231307	19231307	19231307	0
മഴക്കാല പൂർവ്വ ശുചീകരണം		220000	1801644	2021644	1801644	220000
പശ്ചിമ ഘട്ടം		189970	34727	224697	224697	0
ഐ സി ഡി എസ്		3327035	1497220	4824255	4824255	0
എം.എൽ.എ/എം.പി. ഫണ്ട്		225806	6204	232010	0	232010
ലൈബ്രറി ഗ്രാന്റ്		13610	16480	30090	30090	0
ശുചിത്വ മിഷൻ		1195184	2357436	3552620	1468550	2084070
ജലനിധി		3949081	8293417	12242498	8443906	3798592
മറ്റ് ഗ്രാന്റ് (320300199)		1672784	8500479	10173263	9984209	189054
TSC		0	3857776	3857776	3857776	0
എസ്.എൻ.പി		251193	0	251193	0	251193
ബേബി ഫ്രണ്ടലി ടോയ് ലറ്റ്		12000	0	12000	0	12000
പഞ്ചായത്ത് ദുരിതാശ്വാസ നിധി		14150	425	14575	0	14575

320300199 എന്ന ഹെഡിൽ വന്ന തുകയുടെ വിശദാംശം ലഭ്യമല്ല. പരാമർശം ഖ. 1-9 ആയി ചേർത്തിരിക്കുന്നു.

1-3-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല.

എ) വികസന ഫണ്ട് -പൊതുവിഭാഗം

ക്രമ നം.	ഉത്തരവ് നം. & തീയതി	അനുവദിച്ച തുക ₹	കുറവ് വരുത്തിയ തുക ₹ & ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹
1	സ.ഉ (സാധാ) 43/20/ധനം തീ: 01.01.2021	9863300	₹730000 (അംഗനവാടി ജീവനക്കാരുടെ വേതനം)	6609751
			₹2523549 (ലൈഫ് വായ്പ തിരിച്ചടവ്)	
2	സ.ഉ (സാധാ) 4461/20/ധനം തീ: 03.08.2020	3488750	₹730000 (അംഗനവാടി ജീവനക്കാരുടെ വേതനം)	235201
			₹2523549 (ലൈഫ് വായ്പ തിരിച്ചടവ്)	
3	സ.ഉ (സാധാ) 2657/20/ധനം തീ: 01.04.2020	10825300	₹730000 (അംഗനവാടി ജീവനക്കാരുടെ വേതനം)	10095300

ബി) വികസന ഫണ്ട് പട്ടിക ജാതി വിഭാഗം

ക്രമ നം	ഉത്തരവ് നം & തീയതി	അനുവദിച്ച തുക ₹	കുറവ് വരുത്തിയ തുക ₹ & ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹
1	സ.ഉ (സാധാ) 43/20 /ധനം തീ: 01.01.2021	2212000	₹139177 (ലൈഫ് വായ്പാ തിരിച്ചടവ്)	2072883
2	സ.ഉ (സാധാ) 4461/20 /ധനം തീ: 03.08.2020	1106000	₹139118 (ലൈഫ് വായ്പാ തിരിച്ചടവ്)	966882

സി) വികസന ഫണ്ട് -പട്ടിക വർഗ്ഗ വിഭാഗം

ക്രമ നം.	ഉത്തരവ് നം & തീയതി	അനുവദിച്ച തുക ₹	കുറവ് വരുത്തിയ തുക ₹ & ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹
1	സ.ഉ (സാധാ) 43/20/ധനം തീ: 01.01.2021	229000	₹21941 (ലൈഫ് വായ്പാ തിരിച്ചടവ്)	207059
2	സ.ഉ (സാധാ) 4461/20 /ധനം തീ: 03.08.2020	114500	₹21941 (ലൈഫ് വായ്പാ തിരിച്ചടവ്)	92559

ഡി) റോഡിതര സംരക്ഷണ ഗ്രാന്റ്

ക്രമ നം.	ഉത്തരവ് നം & തീയതി	അനുവദിച്ച തുക ₹	കുറവ് വരുത്തിയ തുക ₹ & ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹
1	സ.ഉ (സാധാ) 4444/20 /ധനം തീ: 03.08.2020	2616300	₹79387 (വോട്ടിംഗ് മെഷീൻ തുക നൽകിയത്)	2536913

2. സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ

വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.

ഫണ്ടിനം	വരവ് ₹		ലാപ്സായി പോയ തുക ₹	
	യഥാർത്ഥം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	യഥാർത്ഥം
വികസന ഫണ്ട് പൊതു വിഭാഗം	33288750	26051652	(-)6729650	507448
വികസന ഫണ്ട് പട്ടിക ജാതി വിഭാഗം	6636000	6357765	157343	435578
വികസന ഫണ്ട് പട്ടിക വർഗ്ഗ വിഭാഗം	687000	643118	257186	301068
റോഡിതര സംരക്ഷണ ഗ്രാന്റ്	7849000	7769613	1891343	1970730

3. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4 പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ നാലാം വാർഷിക പദ്ധതി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്)നം. 11/2018 തീ. 29.01.2018, ജി.ഒ.(എം.എസ്)നം. 22/2018 തീ. 14.02.2018, ജി.ഒ(എം.എസ്)നം. 1009/2020 തീ. 29.05.2020(സുഭിക്ഷ കേരളം പദ്ധതി മാർഗരേഖ) എന്നിവ അവലംബമാക്കിയാണ് ആസൂത്രണം ചെയ്തത്. പദ്ധതി രൂപീകരണത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ, ഭരണ സമിതി, എന്നിവ തങ്ങളുടെ പങ്കാളിത്തം നൽകിയതായി രേഖകൾ സൂചിപ്പിക്കുന്നു.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സമിതി യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

രൂപീകരണഘട്ടം	തീയതികൾ
വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ	25. 01. 2020
പദ്ധതി ആസൂത്രണ ഗ്രാമസഭകൾ	05.02.2020, 06.02.2020, 09.02.2020, 13.02.2020, 14.02.2020, 16.02.2020

വികസന സെമിനാർ	07.03.2020
ഭരണ/സാമ്പത്തികാനുമതി നമ്പർ	ഭരണസമിതിയുടെ 13.03.2020-ലെ നമ്പർ 1 തീരുമാനം (അന്തിമ പദ്ധതി)
ജില്ലാ ആസൂത്രണ സമിതി അംഗീകാരം	380/20/ഡിപിസി/ഡിപിഒ/ഐഡികെ/തീയതി.21.03.2021 (ഭേദഗതിയുൾപ്പടെയുള്ള അന്തിമ പദ്ധതി)

വാർഷിക പദ്ധതി അടങ്കൽ-ചെലവ് സംക്ഷിപ്തം

ഇനം	തുക ₹
വാർഷിക പദ്ധതി അടങ്കൽ	272776769
ആകെ ചെലവ്	100692648
ചെലവ് ശതമാനം	36.91

പ്രോജക്ട് വിശദാംശങ്ങൾ

ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം				നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം		
വിഭാഗം	പുതിയവ	സ്പിൽ ഓവർ	ആകെ	പുതിയവ	സ്പിൽ ഓവർ	ആകെ
ആകെ	151	130	281	71	103	174

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 61.92

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതി കണക്കുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	അടങ്കൽ തുക ₹	ചെലവ് തുക ₹
കൃഷി ഓഫീസർ	09	09	9619680	7762246
വെറ്ററിനറി സർജൻ	04	03	3482000	1785000
മെഡിക്കൽ ഓഫീസർ-	07	06	3560000	3529931

പി.എച്ച്.സി.				
മെഡിക്കൽ ഓഫീസർ-ആയുർവ്വേദം	01	01	400000	400000
വി.ഇ.ഒ. ഹെഡ് ഓഫീസ്	13	09	121993345	13034598
വി.ഇ.ഒ., താന്നിമൂട്	04	03	6476400	2896400
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	05	04	8470900	6444498
സെക്രട്ടറി ഗ്രാമ പഞ്ചായത്ത്	82	45	49973824	24058168
അസിസ്റ്റന്റ് എൻജിനീയർ	139	84	59889669	37196499
ഡയറി ഫാം ഇൻസ്ട്രക്ടർ	03	02	3924720	1130000
അസി. സെക്രട്ടറി	14	08	4986231	2455308
ആകെ	281	174	272776769	100692648

വാർഷിക പദ്ധതിക്കായുള്ള സർക്കാർ ഗ്രാന്റ് വകയിരുത്തൽ -ചെലവ് വിവരങ്ങൾ

ഗ്രാന്റ്	സ്പിൽ ഓവറിനുൾപ്പടെയുള്ള അലോക്കേഷൻ ₹	സർക്കാർ ഗ്രാന്റ് പ്രതീക്ഷയിൽ വകയിരുത്തിയ പദ്ധതി അടങ്കൽ ₹	ചെലവ് ₹	ചെലവു ശതമാനം
വികസന ഫണ്ട് (പൊതു വിഭാഗം)	33288750	40468895	32781302	98.4
വികസന ഫണ്ട് (SCP)	6636000	7608441	6200422	93.4
വികസന ഫണ്ട് (TSP)	687000	784632	385932	56.1
ധനകാര്യകമ്മീഷൻ	34421026	29601278	18211545	52.9

ഗ്രാന്റ്				
ആസ്തി പരിപാലന ഗ്രാന്റ് (റോഡ്)	14868000	18235376	13187115	88.7
ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം)	7849000	8168221	5878270	74.9

ബി) വാർഷിക പദ്ധതി നിർവ്വഹണം

ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും കർഷകരും കർഷകത്തൊഴിലാളികളുമാണെങ്കിലും കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ വികസനം സാർത്ഥകമാക്കുന്ന സമഗ്രമായ ഒരു വികസന പരിപ്രേക്ഷ്യം തയ്യാറാക്കുവാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലകളുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന നൂതനവും മാതൃകാപരവുമായ ഒരു പ്രോജക്ട് പോലും ആവിഷ്കരിക്കാൻ കഴിയാതിരുന്നത് പ്രോജക്ട് നടത്തിപ്പിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ വിനിയോഗിച്ചിട്ടുണ്ടെങ്കിലും എറ്റെടുത്തവയെല്ലാം ആവർത്തന സ്വഭാവമുള്ള സ്ഥിരം പ്രോജക്ടുകളാണ്.
- ആകെ ആസൂത്രണം ചെയ്ത 281 പ്രോജക്ടുകളിൽ 174 എണ്ണമാണ് നടപ്പാക്കാൻ കഴിഞ്ഞത്.
- സർക്കാരിന്റെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പദ്ധതി നിർവ്വഹണത്തെ ഗൗരവമായി ബാധിച്ചു. സ്പിൽ ഓവർ പ്രോജക്ടിനുവേണ്ടി അധിക വകയിരുത്തൽ വേണ്ടി വന്നത് മൂലം പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത വലിയ തടസ്സമായി.
- വർഷാവസാനം സാമ്പത്തിക പ്രതിസന്ധി മൂലം പൂർത്തിയായ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് പിൻവലിക്കാൻ കഴിയാത്ത പ്രവണത ആവർത്തിക്കുകയും ഗണ്യമായ തുക ക്യൂ ബില്ലിലേക്ക് മാറുകയും ചെയ്തു.
- ഭവന നിർമ്മാണ മേഖലയിൽ ലൈഫ് പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രോജക്ടുകളിലൂടെ അനേകം ഗുണഭോക്താക്കൾക്ക് അവരുടെ മുടങ്ങിക്കിടന്ന ഭവന നിർമാണം പുനരാരംഭിക്കുവാനും ഭവന നവീകരണം നടത്തുവാനും അവസരമൊരുങ്ങി. എന്നാൽ ധനസഹായം കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇപ്പോഴും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നത് മോണിട്ടറിംഗ് സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്.
- കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഏത്ത വാഴവിത്ത് വിതരണം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.റ്റി., കോളനി വഴിവിളക്ക് സ്ഥാപിക്കൽ, സോളാർ വിളക്ക് സ്ഥാപിക്കൽ, വ്യാപാര സ്ഥാപനങ്ങൾക്ക് വേസ്റ്റ് ബിൻ നൽകൽ തുടങ്ങിയ പ്രോജക്ടുകളിൽ അപാകതകൾ കണ്ടെത്തിയ വിവരം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണചെലവുകൾ	3520	2523908	2527428	2527428	0
അവിദഗ്ദ തൊഴിലാളികളുടെ കൂലി	0	62310520	62310520	62310520	0
വിദഗ്ദ തൊഴിലാളികളുടെ കൂലി	0	4681000	4681000	4681000	0
മെറ്റീരിയൽ ജോലി	0	1948100	1948100	1948100	0

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	5213000	374
വിധവാപെൻഷൻ	21724200	1583
വാർദ്ധക്യകാലപെൻഷൻ	47103000	3509
വികലാംഗപെൻഷൻ	7131500	498

50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	156900	13
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	330000	11
തൊഴിൽരഹിത വേതനം	6480	09

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹10151/- (പതിനായിരത്തി ഒരുനൂറ്റി അമ്പത്തിഒന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു,

1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം -

4 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റന്റന്റമാരും 2 ഫുൾടൈം സ്വീപ്പർമാരും 1 പാർട്ട് ടൈം സ്വീപ്പറും 1 അക്കൗണ്ടന്റും 1 ജൂനിയർ സൂപ്രണ്ടും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനംനടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപ്പെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ -

സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ –

ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപിച്ച് നൽകുന്നതിനുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി-

ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽ പരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9-1 വാർഷിക കണക്കിലെ അപാകതകൾ

1) അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നം.	ഹെഡ്	ഡിപ്രിസിയേഷൻ ₹
1	411310101 – Sewerage & Drainage	148170
2	411320101 – Waterways	30499201
3	411400101 – Plant & Mechinery	227191

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-9-2 വരവ് തുകയുടെ ഇനം വ്യക്തമല്ല

തൻ വർഷം 320300199 എന്ന ഹെഡിൽ വരവ് വച്ചിരിക്കുന്ന ₹85,00,479/- എന്ന തുക ഏതൊക്കെ ഇനങ്ങളിലേതാണെന്ന് വ്യക്തമല്ല. പ്രസ്തുത ഹെഡിൽ 2019-20 സാമ്പത്തിക വർഷം സ്പോർട്സ് കൗൺസിൽ ₹5,00,000/-, അഗതി രഹിത കേരളം ₹9,47,947/-, സായംപ്രഭ ₹2,09,808/-, പി.ബി.ഐ.ജി ₹15,027/- എന്നീ ഇനങ്ങളിൽ ആകെ നീക്കിയിരിപ്പ് ₹16,72,784/- ഉണ്ട്. തൻവർഷം പ്രസ്തുത ഹെഡിൽ വന്ന വിവിധ ഇനം ഫണ്ടിന്റെ വരവ്-ചെലവ് എന്നിവ വ്യക്തമല്ല. ഗ്രാമ പഞ്ചായത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രസ്തുത ഹെഡിൽ 31.03.2021-ൽ നീക്കിയിരിപ്പ് ₹1,89,054/-ആകുന്നു. ഈ തുക ഏതൊക്കെ ഇനങ്ങളിലേതാണെന്ന് വ്യക്തമല്ല. ആയതിന് ഓഡിറ്റ് എൻക്വയറി (നം.18/21.12.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-9-3 സാംഖ്യ-സഞ്ചയ വ്യതിയാനം

സാംഖ്യ-സഞ്ചയ കണക്കുകൾ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസപ്പെടുന്നു.

		സാംഖ്യ			സഞ്ചയ		
		ഡിമാന്റ് ₹	കളക്ഷൻ ₹	ബാലൻസ് ₹	ഡിമാന്റ് ₹	കളക്ഷൻ ₹	ബാലൻസ് ₹

പാർപ്പിടം	തൻവർഷം	4203855	2537789	1546345	3169417	2116788	1041679
	മുൻവർഷം	408687	494786	0	1041671	455870	588528
പാർപ്പിടേതരം	തൻവർഷം	7755273	4354924	3185140	6693150	5078281	1234095
	മുൻവർഷം	2260957	555437	1677749	1464660	682381	790535

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-4 രേഖകളുടെ പിൻബലമില്ലാതെ ₹12,800/-ഡിമാന്റ് ഒഴിവാക്കി

തൻ വർഷം രേഖകളുടെ പിൻബലമില്ലാതെ ₹12,800/-യുടെ ഡിമാന്റ് ഒഴിവാക്കി. വിശദാംശം താഴെ പരാമർശിക്കുന്നു.

കോഡ്	ഇനം	തുക ₹
280600499	Prior Period Income- Remission And Refund-Other Incomes	126000
280800701	Prior Period Income- Miscellenous Expence	200
	ആകെ	12800

ഇത്തരത്തിൽ ഡിമാന്റിൽ നിന്നും രേഖകളില്ലാതെ തുക ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-5 പ്രത്യേക ഉദ്ദേശ ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ടും നിക്ഷേപിക്കുന്നു

പ്രത്യേക ഉദ്ദേശ ഫണ്ട് നിക്ഷേപിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള അക്കൗണ്ടുകളിൽ തനത് ഫണ്ടും നിക്ഷേപിക്കുന്നതായി കാണുന്നു.

ക്രമ നം.	ഫണ്ട്	B-4 പ്രകാരം നീക്കിയിരിപ്പ് ₹	RP-40 (B) പ്രകാരം നീക്കിയിരിപ്പ് ₹
1	WGDP	251193	565254
2	ജലനിധി	3798597	1095832+2702760

1-9-6 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്. വിശദാംശം താഴെ നൽകുന്നു.

ക്രമ നം.	ബാങ്ക്	31.03.2021-ലെ നീക്കിയിരിപ്പ്
1	യൂണിയൻ ബാങ്ക് 891 (WDGP അക്കൗണ്ട് ആണെങ്കിലും തനത് ഫണ്ടും നിക്ഷേപിക്കുന്നു	565254
2	പോസ്റ്റോഫീസ് സേവിംഗ്	0
3	എൽ-ബി.റ്റി- (തനത് -3)	0
4	എസ്.ബി.ഐ- കറന്റ്	4584578
5	സർവ്വീസ് സഹകരണ ബാങ്ക് -നെടുങ്കണ്ടം	9940100
6	സർവ്വീസ് സഹകരണ ബാങ്ക്-2	0
7	സർവ്വീസ് സഹകരണ ബാങ്ക്-4	0
8	സർവ്വീസ് സഹകരണ ബാങ്ക്-5	0
9	ഐ.ഡി.സി.ബി-നെടുങ്കണ്ടം	3283943
10	അർബൻ സഹകരണ സൊസൈറ്റി	0
11	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്മെന്റ് സൊസൈറ്റി	68599

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം.3/2008 നമ്പരായുള്ള സർക്കുലറിലെ നിർദ്ദേശാനുസരണം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു

ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം തനത് ഫണ്ട് നിക്ഷേപിക്കേണ്ടതാണ്.

1-9-7 വാങ്ങിയ സാധനങ്ങൾ അസറ്റിൽ ചേർത്തിട്ടില്ല

തൻ വർഷം താഴെ പരാമർശിക്കുന്ന സാമഗ്രികൾ വാങ്ങിയെങ്കിലും അസറ്റിൽ ചേർത്തിട്ടില്ല.

ക്രമ നം.	വാങ്ങിയ സാമഗ്രി	തുക ₹
1	ഗ്രീൻ പ്രോട്ടോക്കോൾ ഉപകരണങ്ങൾ	149900
2	ജനറേറ്റർ	294800
3	ആശുപത്രിക്ക് ഫർണിച്ചർ	30599
	ആകെ	475299

പ്രസ്തുത സാമഗ്രികൾ 430100102 Purchase Of Matrial-Stores എന്ന ഹെഡിൽ Stock In Hand ആയി അവശേഷിക്കുന്നു.

1-10 വസ്തു നികുതി ഇനത്തിൽ ഗണ്യമായ തുക കുടിശ്ശിക

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ (ബി - 15 ഷെഡ്യൂൾ) വസ്തു നികുതി ഇനത്തിൽ ഗണ്യമായ തുക കുടിശ്ശികയുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	കുടിശ്ശിക ₹
1	പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ് (കറന്റ്)	1546345.00
2	പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ് (കറന്റ്)	3185140.00
3	പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ-റസിഡൻഷ്യൽ ബിൽഡിംഗ് (അരിയർ)	1677749.00
	ആകെ	6409234.00

കുടിശ്ശിക കാലഹരണപ്പെട്ട് പോകാതെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടില്ല

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1	എൽ .എ. ഓഫീസ്, നെടുങ്കണ്ടം	II
2	കെ എൽ എം ആക്സിവ ഫിനാൻസ് ലിമിറ്റഡ്, നെടുങ്കണ്ടം	II
3	സ്പെഷ്യൽ തഹസീൽദാർ, എൽ.എ., നെടുങ്കണ്ടം	II
4	പോലീസ് സ്റ്റേഷൻ, നെടുങ്കണ്ടം	II

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/21.12.2021-ന് നൽകിയ മറുപടിയിൽ നികുതി ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി വിശദാംശംങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ക്രമ നം.	സ്ഥാപനം
1	കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, കോമ്പയാർ
2	വ്യാപാരി കോ-ഓപ്പറേറ്റീവ് സൊസൈറ്റി - നം-1467, നെടുങ്കണ്ടം
3	കെ.എസ്.ഇ.ബി, നെടുങ്കണ്ടം
4	എൽ.ഐ.സി, നെടുങ്കണ്ടം
5	മുത്തൂറ്റ്, ഫിൻകോർപ്പ് ലിമിറ്റഡ്, നെടുങ്കണ്ടം
6	ഫെഡറൽ ബാങ്ക് ലിമിറ്റഡ്, നെടുങ്കണ്ടം
7	മേൽകർ ഫിനാൻസ് & ലീസിങ് പ്രൈവറ്റ് ലിമിറ്റഡ്, നെടുങ്കണ്ടം
8	കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ്, ലിമിറ്റഡ്, നെടുങ്കണ്ടം
9	മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, നെടുങ്കണ്ടം വെസ്റ്റ്
10	മുത്തൂറ്റ ഫിനാൻസ് ലിമിറ്റഡ്, തൂക്കുപാലം
11	എസ്.ബി.ഐ ലൈഫ് ഇൻഷ്വറൻസ്, നെടുങ്കണ്ടം
12	എസ്.സി.ബി- നം 107, എഴുകുംവയൽ,
13	സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്, നെടുങ്കണ്ടം

14	എസ്.ബി.ഐ, നെടുങ്കണ്ടം
15	മാക്സ് വാല്യൂ ക്രെഡിറ്റ്, & ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്
16	റിലയന്റ് ക്രെഡിറ്റ് (ഇന്ത്യാ) ലിമിറ്റഡ്, നെടുങ്കണ്ടം
17	കെ.എസ്.ബി.സി.ഡി.സി, നെടുങ്കണ്ടം
18	ആശീർവാദ് മൈക്രോ ഫിനാൻസ്, നെടുങ്കണ്ടം
19	ബ്ലോക്ക് മാർക്കറ്റിംഗ് സൊസൈറ്റി, നെടുങ്കണ്ടം
20	മുത്തൂറ്റ് ഫിൻകോർപ്പ്, നെടുങ്കണ്ടം
21	ഹൗസിംഗ് സൊസൈറ്റി, നെടുങ്കണ്ടം
22	കേരള ഗ്രാമീൺ ബാങ്ക്, നെടുങ്കണ്ടം
23	ഡോറാ ട്രസ്റ്റ് നെടുങ്കണ്ടം
24	ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്, നെടുങ്കണ്ടം
25	മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, നെടുങ്കണ്ടം
26	മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, നെടുങ്കണ്ടം ഈസ്റ്റ്
27	മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, നെടുങ്കണ്ടം
28	എം.സി.എ.ആർ.ഡി. ബാങ്ക്, നെടുങ്കണ്ടം
29	ശ്രീ ഗോകുലം ചിട്ട്സ് & ഫിനാൻസ് ലിമിറ്റഡ്
30	എൽ.ഐ.സി ഏജന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം - 1399, നെടുങ്കണ്ടം
31	ആൻസൺ ചിട്ട്സ് & ഫിനാൻസ് ലിമിറ്റഡ്, നെടുങ്കണ്ടം
32	കെ.എസ്.എഫ്.ഇ, നെടുങ്കണ്ടം
33	റിലയൻസ് എസ്.എം.എസ്.എൽ ലിമിറ്റഡ് ജിയോ പോയിന്റ്, നെടുങ്കണ്ടം
34	കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തൂക്കുപാലം
35	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നെടുങ്കണ്ടം
36	കേരള കാർഡമം പ്രോസസിംഗ് & മാർക്കറ്റിംഗ് കമ്പനി ലിമിറ്റഡ്
37	ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്, നെടുങ്കണ്ടം
38	കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, തൂക്കുപാലം
39	കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, നെടുങ്കണ്ടം

മേൽ സ്ഥാപനങ്ങളിൽ നിന്നും 2019-20 & 2020-21 വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/21.12.2021-ന് മറുപടി നൽകിയില്ല. കൂടാതെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ്.

1-13 വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന കരാർ ചമയ്ക്കാത്ത വാടകക്കാരിൽ നിന്നും തൻവർഷ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

രജി പേജ് നം.	കടമുറി/നമ്പർ	പേര്	വാടക തുക(₹)	കുടിശിക മാസങ്ങൾ	തുക ₹
ഈസ്റ്റ് ഷോപ്പിംഗ് കോംപ്ലക്സ്					
10	9	അബ്ദുൾ കരീം	2552	2	5104
11	10	വർഗീസ് എം. പി.	2552	2	5104
16	15	സിന്ധു സുകുമാരൻ നായർ	7147	5	35735
19	18	പി.ജി. രവീന്ദ്രനാഥ്	3957	5	19785
20	19	ഷാലി ദേവദാസ്	387	10	3870
21	20	അഡ്വ. ഗോപാലകൃഷ്ണൻ	1497	10	14970
23	21	ഷാലി ദേവദാസ്	2312	10	23120
സ്റ്റേഡിയം കോംപ്ലക്സ്					
31	-	ഓമന	5404	10	54040
36	46	അഭിലാഷ് കെ.	4497	10	44970
44	40	കിറ്റ്കോ	4497	12	53964

വെസ്റ്റ് കർഷക മാർക്കറ്റ് കോംപ്ലക്സ്					
48	109, 110	എം. സുകുമാരൻ, പ്രസിഡന്റ് കരുണ ചാരിറ്റബിൾ സൊസൈറ്റി	525	10	5250
51	114	ജെയിംസ് തോമസ്	1968	10	19680
53	117	സുജാത രാധാകൃഷ്ണൻ	1755	10	17550
54	-	റംല നൌഷാദ്	1532	10	15320
55	-	മീന , മന്നിക്കൽ	1543	10	15430
70	എഴുകുംവയൽ ഷോപ്പിംഗ് കോംപ്ലക്സ്	അജിതാ ഷിജു	1323	12	15876
				ആകെ	349768

18% ജി.എസ്.ടി.-യും അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശിക തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വ്യക്തമല്ല. തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കടമുറികൾ വാടകയ്ക്ക് നൽകരുതെന്ന വ്യവസ്ഥ ലംഘിച്ച് ഇവർക്ക് തുടർന്നുള്ള വർഷങ്ങളിലും കരാറിലേർപ്പെടാതെതന്നെ അതേ മുറികൾതന്നെ വാടകയ്ക്ക് നല്കിയിരിക്കുന്നതായി രജിസ്റ്ററിൽ കാണുന്നു. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണിത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/22.12.2021)) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശികയുള്ളവർക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. കരാർ ചമയ്ക്കാതെയുള്ള ഡിമാന്റ് നോട്ടീസിന് നിയമപരമായ സാധുതയില്ലാത്തതിനാൽ മറുപടി അംഗീകരിക്കാനാവില്ല. കരാറിലേർപ്പെടാത്തതിനാലും ഇതുവരെ തുക ഈടാക്കാത്തതിനാലും ₹3,49,768/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. കുടിശ്ശിക തുക വാടകക്കാരിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 വാടക - കുടിശ്ശികയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2020-21 വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-15 പ്രകാരം താഴെപറയുന്ന ഇനങ്ങളിൽ തുകകൾ ഈടാക്കാനുള്ളതായി കാണുന്നു.

ഇനം	തുക(₹)

Rent Receivables From Buildings(Current)	515272
Rent Receivables From Buildings(Arrears)	1488312
Receivables Towards Slaughter House Receipts(Arrears)	19100

മേൽ തുകകൾ ലഭിക്കാനുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/22.12.2021) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ/അരിയർ ഡിമാന്റ് രജിസ്റ്റർ ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-15 ലേല തുക ഈടാക്കിയിട്ടില്ല

ലേല രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാർ ചമക്കാത്ത കുത്തകക്കാരിൽ നിന്നും തൻവർഷ ലേല തുക ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

രജി. പേജ് നം.	ലേലത്തിൽ നല്കിയ സ്ഥലം/അവകാശം	കുത്തകക്കാരന്റെ പേര്	ലേല തുക (₹)
11	മാർക്കറ്റിലെ സെമി ക്ലോസ്ഡ് റൂം നം. 5	അബ്ദുൾ മുത്‌ലിഫ്	12600
12	മാർക്കറ്റിലെ സെമി ക്ലോസ്ഡ് റൂം നം. 6	കമറുദ്ദീൻ മഠത്തിൽ	13100
25	തുക്കുപാലം ഇറച്ചിവ്യാപാരം	സന്ദീപ് സജി	310000
30	എഴുകുംവയൽ ഇറച്ചിവ്യാപാരം	ബാബു മഞ്ഞപള്ളിക്കുന്നേൽ	30000
33	മഞ്ഞപ്പാറ ഇറച്ചിവ്യാപാരം	പ്രജീഷ് മൈലക്കൽ	75000
37	പൊന്നാമല ഇറച്ചിവ്യാപാരം	സന്ദീപ് സജി	10000
		ആകെ	450700

18% ജി.എസ്.ടി.-യും അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശിക തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല. കരാറിലേർപ്പെടാത്തതിനാലും ഇതുവരെ തുക ഈടാക്കാത്തതിനാലും ₹4,50,700/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/12.12.21) മറുപടി

ലഭ്യമാക്കിയില്ല. കുടിശ്ശിക ലേലത്തുക കുത്തകക്കാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 വണ്ടിത്താവളങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക് സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ പ്രകാരം പൊതു സ്ഥലമോ, പൊതു നിരത്തുകളുടെ ഓരമോ വണ്ടിത്താവളങ്ങളായി ഉപയോഗിക്കുന്നത് ഗ്രാമപഞ്ചായത്തിന് നിരോധിക്കാമെന്നും സ്വകാര്യ സ്ഥലങ്ങളിൽ വണ്ടിത്താവളങ്ങൾ തുറക്കുന്നതിനും തുടരുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട് (ഉദാഹരണം. ബസ് താവളം, ലോറി താവളം, ടാക്സി താവളം, ഓട്ടോറിക്ഷ താവളം, പേ & പാർക്ക് എന്നിവ). മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 22/22.12.21 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബസ് താവളങ്ങൾ, ലോറി താവളങ്ങൾ, ടാക്സി താവളങ്ങൾ, ഓട്ടോറിക്ഷ താവളങ്ങൾ, പേ & പാർക്ക് എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടുകൂടിയല്ല പ്രവർത്തിക്കുന്നത്.

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ വണ്ടിത്താവളങ്ങളുടെ വിവരങ്ങൾ. അനുമതി ഉള്ളവയുടെയും അനുമതി ഇല്ലാത്തവയുടെയും വിവരങ്ങൾ ഇത് സംബന്ധിച്ച രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

3. സ്വകാര്യ വണ്ടിത്താവളങ്ങളുടെ വിശദാംങ്ങൾ. ലൈസൻസ് ഉള്ളവയുടെയും ഇല്ലാത്തവയുടെയും വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല.

എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്വകാര്യ വണ്ടിത്താവളങ്ങൾ, പേ & പാർക്ക് എന്നിവ പ്രവർത്തിക്കുന്നുണ്ട്. പൊതു നിരത്തുകൾ ഓട്ടോ, ടാക്സി, ലോറി തുടങ്ങിയവയുടെ താവളങ്ങളായും ഉപയോഗിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ പലഭാഗത്തായി നിരവധി ഓട്ടോറിക്ഷാ സ്റ്റാന്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ മിക്കവയും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടുകൂടിയുള്ളവയല്ല. മാത്രമല്ല പൊതുഗതാഗതത്തിനായുള്ള റോഡുകൾ കയ്യേറി ഇത്തരത്തിൽ സ്റ്റാന്റുകൾ പ്രവർത്തിക്കുന്നത് പൊതുഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുകയും അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്ത് വണ്ടിത്താവളങ്ങൾ പഞ്ചായത്തിന്റെ അനുമതിയോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. ട്രാഫിക് പരിഷ്കരണ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പൊതുഗതാഗതത്തിന് തടസ്സമില്ലാത്ത രീതിയിൽ ഉചിതമായ സ്ഥലങ്ങളിൽ സ്റ്റാന്റുകൾ അനുവദിച്ച് നൽകേണ്ടതും സ്റ്റാന്റ് നമ്പരുകൾ നൽകി ഇവയുടെ സ്ഥലപരിധി നിശ്ചയിച്ച് നൽകേണ്ടതുമാണ്.

1-17 കെട്ടിടങ്ങളുടെ പെർമിറ്റ്, പൂർത്തീകരണം, നികുതി നിർണ്ണയം എന്നിവ ഒരു ഫയലായി സൂക്ഷിക്കുന്നില്ല

02-12-2015-ലെ എൽ.എസ്.ജി.ഡി സർക്കുലർ നമ്പർ 12900/R/2015/LSGD പ്രകാരം ഒരു കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയം എന്നിവ ഒരു ഫയലായി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. പെർമിറ്റ്, നമ്പറിംഗ് ഫയലുകൾ എന്നിവ രണ്ടായി സൂക്ഷിച്ചിരിക്കുന്നത് പരിശോധനയ്ക്ക് തടസ്സമാവുന്നു. പിന്നീടുള്ള ആവശ്യങ്ങൾക്കും പരിശോധനയ്ക്കുമായി മേൽ പറഞ്ഞവ ഒറ്റ ഫയലായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-18 കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച നൽകിയതു കൊണ്ട് നഷ്ടം,15,298/

പദ്ധതി നമ്പർ/പദ്ധതി	146/20-21 അംഗൻവാടി പോഷകാഹാരം ജനറൽ & 147/20-21 അംഗൻവാടി പോഷകാഹാരം(എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ	₹40,00,900/- ₹24,00,900/- പ്ലാൻ ഫണ്ട് ₹1,00,000/- ധനകാര്യ കമ്മീഷൻ ₹15,00,000/- കേന്ദ്ര ഫണ്ട് & ₹6,00,000/-എസ്.സി.പി
ചെലവ്	₹ 40,00,900/- ₹24,00,900/- പ്ലാൻ ഫണ്ട് ₹1,00,000/- ധനകാര്യ കമ്മീഷൻ ₹15,00,000/- കേന്ദ്ര ഫണ്ട് & ₹6,00,000/- എസ്.സി.പി
ബിൽ നം,തീയതി,തുക	ട്രാൻസ്പോർട്ട് ബില്ലുകൾ മാത്രം 20100452009900828642, 15.12.20, 4,00,000/- 20100452009901113846, 19.02.21, 3,99,228/- 20100452009901234220, 12.03.21,10,721/-
ആകെ	₹46,00,900/-

2020-21-ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാരം ജനറൽ & അംഗൻവാടി പോഷകാഹാരം(എസ്.സി) എന്നീ പദ്ധതികൾ പ്രകാരം ₹46,00,900/- (4000900 + 600000) ചെലവായിട്ടുണ്ട്. ഇതിൽ ₹83,295/- അംഗൻവാടികളിലേയ്ക്ക് ഭക്ഷ്യ വസ്തുക്കൾ ഇറക്കുന്നതിനായി വാഹന ക്വട്ടേഷൻ ലഭിച്ച ലിയാഖത്ത് അലി എന്ന വ്യക്തിക്കാണ് നൽകിയിരിക്കുന്നത്. അംഗൻവാടികളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ ഇറക്കുന്നതിനായി കിലോയ്ക്ക് ₹2/- കണക്കിൽ ഷെഫിൻ ഷാജഹാൻ,

കിഴക്കേപറമ്പിൽ എന്ന വ്യക്തി 06.07.2020-ൽ പഞ്ചായത്തിൽ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. 08.07.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (2) നമ്പർ തീരുമാനപ്രകാരം, ഗോഡൗൺ സൗകര്യം ഇല്ലായെന്ന് ടിയാൻ കത്ത് നൽകിയതിനാൽ ഷെഫിൻ ഷാജഹാനെ ക്വട്ടേഷനിൽ നിന്ന് ഒഴിവാക്കുകയും രണ്ടാമത്തെ കുറവ് തുക രേഖപ്പെടുത്തിയ പി. ഐ. ലിയാഖത്തലി, ഗോൾഡ് സ്റ്റാറ്റ്, നെടുംകണ്ടം എന്ന വ്യക്തിയുടെ ₹2.45-യുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാനുമായി കരാറിൽ ഏർപ്പെടുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ഇതുമൂലം പഞ്ചായത്തിന് ₹15298/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 3-ൽ ചേർത്തിട്ടുണ്ട്.

1-19 നിക്ഷേപങ്ങൾ

നിക്ഷേപ കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിക്ഷേപ രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള നിക്ഷേപ രജിസ്റ്റർ കാലികവും സമഗ്രവുമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയതല്ല. വർഷാന്ത്യ ക്ലോസിംഗുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ധനകാര്യ പത്രികയിലെ തുകകളുടെ ആധികാരികതയിൽ സംശയം നില നിൽക്കുന്നു. ഇലക്ഷൻ നിക്ഷേപമിനത്തിൽ സ്വീകരിച്ച തുകകളുടെ ക്രോഡീകരണം പോലും നാളിതുവരെ പൂർണമായിട്ടില്ല. ₹5000/- മാത്രമാണ് ടിയിനത്തിലെ നീക്കിയിരിപ്പായി ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തി, ഋണബാധ്യത കണക്കുകൾ കൃത്യമായി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 MGNREGS കരാർ ജീവനക്കാരുടെ ശമ്പള മുൻകൂർ ക്രമീകരിക്കാൻ ശേഷിക്കുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു അസി. എൻജിനിയർ, 02 ഓവർസീയർമാർ, 03 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരുൾപ്പടെ 06 ജീവനക്കാരാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നത്. പദ്ധതിയുടെ ആകെ അലോട്ട്മെന്റിന്റെ 04 ശതമാനം തുകയാണ് ഇവരുടെ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും അനുബന്ധ ഭരണച്ചെലവുകൾക്കുമായി മാറ്റിവെയ്ക്കപ്പെടുന്നത്. പ്രസ്തുത തുകയുടെ അലോട്ട്മെന്റ് യഥാസമയം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ ശമ്പള ആനുകൂല്യങ്ങൾക്കുള്ള ചെലവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് വഹിക്കുകയും തുക ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. എന്നാൽ മുൻകൂർ രജിസ്റ്റർ അപൂർണമായതിനാൽ പ്രസ്തുത ക്രമീകരണം നിരീക്ഷിക്കാൻ സംവിധാനമില്ല. ഇത്തരത്തിൽ മുൻകൂർ ചെലവ് ക്രമീകരിക്കാൻ ശേഷിക്കുന്നതിന്റെ തൻവർഷ കണക്കുകൾ ചുവടെ

ചേർക്കുന്നു.

മുന്നിരിപ്പ്	₹1339898
തൻവർഷം മുൻകൂറായി ചെലവഴിച്ച തുക	₹1820296
ആകെ	₹3160194
തൻവർഷം ക്രമീകരിച്ച തുക	₹2420427
വർഷാവസാനം ക്രമീകരിക്കാൻ ശേഷിക്കുന്ന തുക	₹739767

പ്രസ്തുത തുക അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിച്ച് വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

1-21 സ്യൂട്ട് രജിസ്റ്റർ അപൂർണം-കോടതി വ്യവഹാരങ്ങൾ നിരീക്ഷിക്കാൻ സംവിധാനമില്ല

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചു വന്നിരുന്ന സ്യൂട്ട് രജിസ്റ്റർ അപൂർണ്ണമാണ്. കേസ് സംബന്ധമായ സമഗ്ര വിവിരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ഇവയുടെ തത്സ്ഥിതി വിശദാംശങ്ങൾ ലഭ്യമല്ല. തന്മൂലം വ്യവഹാരത്തിന്റെ ഹേതു, നാളിതുവരെ സ്വീകരിച്ച നടപടികൾ, തീർപ്പ്/തുടർന്നു സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ വ്യക്തമല്ല. കോടതി നിരീക്ഷണങ്ങളിൽ യഥാസമയം നടപടികളെടുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കാൻ അനിവാര്യമാണെന്നിരിക്കെ ഇത്തരത്തിൽ ഗൗരവമേറിയ ഒരു വിഷയം അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന രീതി ഗുരുതരമായ കൃത്യവിലോപമായി മാത്രമേ പരിഗണിക്കാൻ കഴിയൂ. തൻവർഷം ഗ്രാമപഞ്ചായത്തിനെ എതിർകക്ഷിയാക്കി ഫയൽ ചെയ്യപ്പെട്ട 02 കേസുകളുടെ വിവരം പോലും (ബഹു. കേരള ഹൈക്കോടതി മുൻപാകെയുള്ള WP(C) 7062/2020, WP(C) 15239/2020 എന്നീ റിട്ട് ഹർജികൾ) സ്യൂട്ട് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന വസ്തുത പ്രസ്തുത വാദം ശരി വെയ്ക്കുന്നതാണ്.

കോടതി വ്യവഹാരങ്ങളുടെ തത്സ്ഥിതി വിവരങ്ങൾ ശേഖരിച്ച് നിലനിൽക്കുന്നവയുടെ പ്രസക്തമായ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ഉൾപ്പെടുത്തി അത് സമഗ്രവും കാലികവുമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ഹരിത കർമസേനാ പ്രവർത്തനം

കേരള സർക്കാരിന്റെ നവകേരളം പദ്ധതിയിൽ ഉൾപ്പെട്ട ഹരിതകേരളം പ്രോജക്റ്റ് പ്രകാരം ക്ലീൻ കേരള മിഷന്റെ സഹായത്തോടെ വിഭാവനം ചെയ്ത ഹരിത കർമസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിലും നടന്നു വരുന്നു. ആകെയുള്ള 22 വാർഡുകളിലേക്ക് രണ്ടുവീതം സന്നദ്ധപ്രവർത്തകരെ നിയോഗിച്ച് പ്ലാസ്റ്റിക്, മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിച്ച്, ബോഡിമെട്ടിലുള്ള MCF-ൽ എത്തിച്ച്, തരം തിരിച്ച് സംസ്കരിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. മാലിന്യശേഖരണ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നതിനാൽ യൂസർ ഫീ ഉപയോഗിച്ച് ശമ്പളവും അനുബന്ധ ആവശ്യങ്ങളും നിറവേറ്റുന്നതിന് സാധിക്കുന്നുണ്ട്. വീടുകൾക്ക് 50/-രൂപയും വ്യാപാരസ്ഥാപനങ്ങൾക്ക് ₹100/-യുമാണ് യൂസർഫീ നിരക്ക് നിശ്ചയിച്ചിട്ടുള്ളത് (ഭരണസമിതിയുടെ 12.08.2021-ലെ തീരുമാന നം. 7(3). വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കാണ് നിലവിൽ സേനയുടെ ഏകോപന ചുമതല. ഹരിത കർമസേനാ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതൾ ചുവടെ ചേർക്കുന്നു.

1. രസീത് ബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങളിൽ അവ്യക്തത

യൂസർ ഫീ പിരിക്കുന്നതിന് സേനാംഗങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്ന് രസീതു ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ആകെ അച്ചടിച്ച രസീതു ബുക്കുകളുടെയും ഓരോ തവണ വിതരണം ചെയ്ത ശേഷമുള്ളവയുടെയും എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ

ഉൾപ്പെടുത്തിയിട്ടില്ല. തൻമൂലം യൂസർഫീ പിരിവിന്റെ സുതാര്യതയ്ക്ക് ഭംഗം വരുന്നു. അച്ചടിക്കുന്ന രസീതുബുക്കുകളുടെ എണ്ണവും നീക്കിയിരിപ്പും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും പിരിവു തുകകൾ യഥാസമയം അക്കൗണ്ടിൽ ഒടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. രണ്ട് ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

ഹരിത കർമസേനാ പ്രവർത്തനങ്ങളുടെ വരവ്-ചെലവുകൾ നിയന്ത്രിക്കുന്നതിന് രണ്ടു ബാങ്ക് അക്കൗണ്ടുകൾ സമാന്തരമായി ഉപയോഗിക്കുന്നു. പ്രസ്തുത അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ബാങ്കിന്റെ പേര്	അക്കൗണ്ട് നം	നീക്കിയിരിപ്പ് തുക ₹	അഭിപ്രായക്കുറിപ്പുകൾ
1	നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്ക് സായാഹ്ന ശാഖ	2857	110514	19.07.2021 വരെയുള്ള രേഖപ്പെടുത്തലുകൾപ്രകാരം
2	കേരള ഗ്രാമീൺ ബാങ്ക് നെടുങ്കണ്ടം ശാഖ	406721011092637	775013	21.12.2021 വരെയുള്ള രേഖപ്പെടുത്തലുകൾപ്രകാരം

ഒരേ ആവശ്യത്തിന് രണ്ട് അക്കൗണ്ടുകൾ നിലനിർത്തേണ്ട ആവശ്യകത ഇല്ലാത്തതാണ്. സമാന്തരമായി രണ്ട് അക്കൗണ്ടുകളിലൂടെ ഇടപാടുകൾ നടത്തുന്നത് അനാരോഗ്യകരമായ പ്രവണതകൾക്ക് വഴി വെയ്ക്കുമെന്നതിനാൽ സഹകരണ ബാങ്കിലെ അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് ദേശസാത്ക്കൃത ബാങ്കിലെ അക്കൗണ്ടിൽ ഒടുക്കി തുടർന്നുള്ള വിനിമയങ്ങൾ അതിലൂടെ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. കാഷ് ബുക്ക് , മറ്റ് അക്കൗണ്ടിംഗ് രേഖകൾ എന്നിവ സൂക്ഷിക്കുന്നില്ല

വരവിനങ്ങളുടെയും ചെലവിനങ്ങളുടെയും കണക്കുകൾ ക്രോഡീകരിക്കുന്നതിന് കാഷ് ബുക്ക് , അനുബന്ധ അക്കൗണ്ടിംഗ് രേഖകൾ സൂക്ഷിക്കുന്നില്ല. അവ അടയിന്തിരമായി തയ്യാറാക്കി വരവു - ചെലവുകൾ നിയന്ത്രിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ചെക്കുകളുടെ കൗണ്ടർഫോയിലുകളിൽ ചെലവിനം രേഖപ്പെടുത്തുന്നില്ല.

ചെക്കുകളുടെ കൗണ്ടർ ഫോയിലുകളിൽ ചെലവിനവും തുകയും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അവ ഉപയോഗിച്ച് നടത്തിയ വിവിധ ചെലവുകളുടെ ആവശ്യകതയും കൃത്യതയും സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5 യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഹരിതകർമസേനാ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. അത് 2019-20-ൽ 09 -ഉം 2020-21 ൽ 11-ഉം യോഗങ്ങൾ ചേർന്നിരുന്നുവെങ്കിലും ഹാജർ വിവരങ്ങൾ മാത്രമാണ് മിനിട്സ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വരവു-ചെലവു കണക്കു പാസ്സാക്കൽ അടക്കമുള്ള യോഗ തീരുമാനങ്ങൾ കൂടി രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 ആയുർവേദ ഡിസ്പെൻസറി ബഹുഭൂരിപക്ഷം ജനങ്ങൾക്കും അപ്രാപ്യം

ഗ്രാമ പഞ്ചായത്ത് വക ഗവ. ആയുർവേദ ഡിസ്പെൻസറി നിലവിൽ സ്ഥിതി ചെയ്യുന്നത് നെടുങ്കണ്ടം പട്ടണത്തിൽനിന്നും ഏകദേശം 06 കിലോമീറ്റർ അകലെ പച്ചടി എന്ന സ്ഥലത്താണ്. വാഹന ഗതാഗതം തീർത്തും പരിമിതവും ദുഷ്കരവുമായ ഒരു കുന്നിൻപ്രദേശമാണ് പ്രസ്തുത സ്ഥലം . എത്തിപ്പെടാൻ സുഗമമായ മാർഗങ്ങളില്ലാത്തതുമൂലം ബഹു ഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് പ്രസ്തുത ആതുരാലയത്തിന്റെ സേവനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ആശുപത്രി കെട്ടിടത്തിന് യഥാകാലം വേണ്ടതായ അറ്റകുറ്റപ്പണികൾ നടത്തി നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും ജനങ്ങൾക്ക് പൂർണതോതിൽ അത് പ്രയോജനപ്പെടുത്താൻ കഴിയാത്തത് വലിയ പോരായ്മയാണ്. ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ഗണ്യമായ തുക മരുന്നു വാങ്ങലിനായി ചെലവഴിക്കുന്നുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനമായ നെടുങ്കണ്ടം പട്ടണത്തിനടുത്ത് ഡിസ്പെൻസറിയുടെ ഒരു സബ്സെന്റർ ആരംഭിക്കുകയോ അല്ലാത്തപക്ഷം പച്ചടിയിലുള്ളത് സബ്സെന്ററായി നിലനിർത്തി കൂടുതൽ ദിവസങ്ങൾ നെടുങ്കണ്ടത്ത് പ്രവർത്തിക്കുന്നതും ജനോപകാരപ്രദമാവുമെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ആയുർവേദ ഡിസ്പെൻസറിയുടെ സേവനം സാധാരണ ജനങ്ങളിലേക്ക് കാര്യക്ഷമമായി എത്തിക്കുവാൻ സങ്കുചിത ചിന്തകൾക്കതീതമായി തീരുമാനമെടുക്കുന്നതിനായി വിഷയം ഭരണസമിതിയുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-24 പട്ടികജാതി വിഭാഗത്തിലെ വിദ്യർത്ഥികൾക്ക് ലാപ്ടോപ്പ് - വിശദാംശങ്ങൾ ലഭ്യമല്ല

പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് രണ്ട് പ്രോജക്ടുകളിലായി ₹5,02,425/- ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ നം./തീയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
എസ്.സി കുട്ടികൾക്ക് ലാപ്ടോപ്പ് (130/2020, 277/2021)	305270/- വികസന ഫണ്ട് (പ്രത്യേക ഘടകപദ്ധതി)	2100452014900028469/ 11.04.2020	വികസന ഫണ്ട് (പ്രത്യേക ഘടകപദ്ധതി)	305270	അസിസ്റ്റന്റ് സെക്രട്ടറി
എസ്.സി. കുട്ടികൾക്ക് ലാപ്ടോപ്പ് (22/2021)	272314/- വികസന ഫണ്ട് (പ്രത്യേക ഘടകപദ്ധതി)	2100452014900118031 9/ 27.03.2021	വികസന ഫണ്ട് (പ്രത്യേക ഘടകപദ്ധതി)	197155	
ആകെ	577584			502425	

എസ്.സി. കുട്ടികൾക്ക് ലാപ്ടോപ്പ് (22/2021) എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയൽ ഹാജരാക്കുന്നതിന് 21.12.2021-ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ഫയൽ ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല.

എസ്.സി കുട്ടികൾക്ക് ലാപ്ടോപ്പ് (130/2020, 277/2021) എന്ന പ്രോജക്ടിനായി Ubuntu ഓപ്പറേറ്റിംഗ് സിസ്റ്റം അധിഷ്ഠിത

ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് 31.12.2019ലെ ബി.6-10001/19 നോട്ടീസ് പ്രകാരം ക്ഷണിച്ച ടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ 16.01.2020ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4-2 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16.01.2020ൽ റീടെണ്ടർ ചെയ്തു. 06.02.2020ലെ 5-1 തീരുമാന പ്രകാരം 25.01.2020ൽ റീ ടെണ്ടർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുത്തിരുന്നെന്നും എന്നാൽ 20.01.2020ലെ ഡിഎ.1/363/2019/തസ്വഭവ. സർക്കുലർ പ്രകാരം ലാപ്ടോപ്പുകൾ CRPCS പോർട്ടലിൽ നിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചതിനാൽ റി ടെണ്ടർ റദ്ദ് ചെയ്യുകയും CRPCS പോർട്ടലിൽ നിന്നും വാങ്ങുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച അവസരത്തിൽ ടെണ്ടർ റദ്ദ് ചെയ്തതുകാരണം പ്രോജക്ട് നടപ്പാക്കുന്നതിൽ കൂടുതൽ കാലതാമസം ഉണ്ടാകുകയാണ് ചെയ്തത്. റീ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ ടെണ്ടർ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. CRPCS പോർട്ടലിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങുന്നതിന് 2019-20 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ബിൽ സമർപ്പിച്ചെങ്കിലും ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ 21.04.2020-ലാണ് ബിൽ മാറിയത്. എന്നാൽ, ഐ.ടി മിഷനിൽ നിന്നുമുള്ള പ്രോഫോർമ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

07.05.2019-ലെ 2-1 തീരുമാന പ്രകാരം പ്രോജക്ടിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, അദ്ധ്യയന വർഷത്തിന്റെ അവസാനം 20.01.2020-ൽ മാത്രമാണ് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. പ്രോജക്ട് നടപ്പാക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ലെന്ന് കാണിച്ച് കുമാരി അനഘ ബാബു, കുമാരി ആർദ്ര ബാബു, വടക്കേടത്ത് താന്നിമൂട് എന്നീ വിദ്യാർത്ഥിനികൾ ബഹു. ഹൈക്കോടതിയിൽ WP(C) No.12752 OF 2020(T)/25.06.2020 നമ്പർ കേസ് കൊടുക്കുകയും രണ്ട് വിദ്യാർത്ഥിനികൾക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് ബഹു. ഹൈക്കോടതി വിധിക്കുയും ചെയ്തു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 21.07.2020-ലെ 1-2 തീരുമാന പ്രകാരം ലാപ്ടോപ്പ് വിതരണത്തിന് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാതിരുന്ന കുമാരി അനഘ ബാബുവിനും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. പ്രോജക്ടിനായി തുക നിക്ഷേപിച്ചതിന് ശേഷം സമയബന്ധിതമായി ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കുന്നതിന് തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

കെൽട്രോണിൽ നിന്നും ലാപ്ടോപ്പുകൾ 2020 ഓഗസ്റ്റ് മാസത്തിൽ ലഭ്യമാകുകയും പരാതി നൽകിയ വിദ്യാർത്ഥിനികൾക്കുൾപ്പെടെ 9 പേർക്ക് വിതരണം ചെയ്തിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ, എത്ര ലാപ്ടോപ്പുകൾ ലഭിച്ച എന്ന് വ്യക്തമല്ല. ഇൻവോയ്സുകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17 തീ.21.12.2021) നൽകിയ മറുപടിയ്ക്കൊപ്പം (നം.എ.1-1001/2021 തീ.22.12.2021) സമർപ്പിച്ചിട്ടുള്ള ₹3,03,302/-യുടെ പ്രൊഫോർമ ഇൻവോയ്സിന്റെ ആധികാരികത വ്യക്തമല്ല.

20.01.2020-ലെ ഡിഎ.1/363/2019/തസ്വഭവ. സർക്കുലർ പ്രകാരം Windows Home അധിഷ്ഠിതമായ ലാപ്ടോപ്പിന് ₹27,722/-യും Ubuntu അധിഷ്ഠിതമായ ലാപ്ടോപ്പിന് ₹22,895/-യുമാണ് നികുതിയുൾപ്പെടെയുള്ള വില. എന്നാൽ, പ്രോഫോർമ ഇൻവോയ്സും ടാക്സ് ഇൻവോയ്സും ഫയലിൽ ലഭ്യമല്ലാത്തതിനാൽ വാങ്ങിയ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷനും നിരക്കും വ്യക്തമല്ല.

പ്രോജക്ട് നടപ്പാക്കുന്നതിൽ വന്ന അനാവശ്യ കാലതാമസം കാരണം ഗ്രാമ പഞ്ചായത്തിന് കോടതിയിൽ വ്യവഹാരത്തിൽ

ഏർപ്പെടേണ്ടി വരികയും കോടതി വ്യവഹാരത്തിന് വക്കീൽ ഫീസ് നൽകിയയിനത്തിൽ ₹18,000/- പഞ്ചായത്തിന് ചെലവഴിക്കേണ്ടിയും വന്നു.

രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച ₹5,02,425/- തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചിട്ടും പ്രോജക്ട് നടപ്പാക്കുന്നതിൽ കാലതാമസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് നം. 22/2021-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-25 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വേല സംബന്ധിച്ച്

തൻ വർഷം തൊഴിലുറപ്പ് പദ്ധതിക്കായി മെറ്റീരിയലുകൾ വാങ്ങിയത് ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സർവ്വീസ് സഹകരണ സൊസൈറ്റിയിൽ നിന്നാണ് (GSTIN 32AABA12225D1ZH). പ്രസ്തുത സ്ഥാപനത്തിന് സോപ്പ്, സോപ്പ് നിർമ്മാണം, അടുക്കള ഉപകരണങ്ങൾ തുടങ്ങിയ സാമിഗ്രികൾ വിൽക്കുന്നതിനാണ് കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം അംഗീകാരമുള്ളത്. നിർമ്മാണ വസ്തുക്കൾ വിൽക്കുന്നതിന് അനുവാദം ഇല്ല എന്ന് കാണുന്നു. തൻ വർഷം താഴെ പരാമർശിക്കുന്ന നിർമ്മാണ പ്രവർത്തിക്ക് ₹1,13,82,375/-യുടെ സാമഗ്രികൾ ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സർവ്വീസ് സഹകരണ സൊസൈറ്റിയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ക്രമ നം.	പദ്ധതി	ചെലവ് തുക ₹
1	പരിവർത്തന പടി-കൈലാസ പുരി റോഡ്	220932
2	സൊസൈറ്റിപടി-നൂറമാക്കൽ പടി റോഡ്	108744
3	കോയിക്കര -ഇല്ലിക്കാനം റോഡ്	109469
4	48 പടി-കാലായിൽ പടിറോഡ്	220932
5	ഇല്ലുകാലായിൽ പടി-കൊട്ടാരംപടി റോഡ്	220932
6	R C പടി-അപ്പച്ചൻ പടി റോഡ്	259064
7	കല്ലാർപാറ-തേൻപാറ റോഡ്	220932
8	I H R D കോളേജ്-പന്താലം പടിറോഡ്	297111
9	പരക് കാലാപടി തടയണ	251159
10	കുഴിപ്പില്ലാപ്പടി -കുഴിക്കാനം റോഡ്	147302
11	കൈലാസ നഗർ -കരോട്ടേൽ പടി	147302

12	ആരിഷപതി-ഇല്ലിക്കാനം	147302
13	എഴകുംവയൽ-കൈലാസ നഗർ	147302
14	പുത്തൻപുരപ്പടി-ആശാരിക്കവല	108744
15	തൊട്ടിക്കാട്-പന്തീരുപുരപ്പടി	70672
16	തീയേറ്റർപ്പടി-വേഴാമ്പരിഷപ്പടി	70672
17	കൊരണ്ടിപ്പടി-കീച്ചേരിപ്പടി	70672
18	മഞ്ഞപ്പാറ -കല്ലാർമുക്ക്	70672
19	മഞ്ഞപ്പാറ-പള്ള്മെട്ട്	147302
20	പുത്തനങ്ങടി-കോഷങ്ങൽപ്പടി	176373
21	പൊന്നാമ്മാല-പുലിപ്പറമ്പിൽപടി	176373
22	വരിക്കമൊക്കൽ -ലാലിച്ചൻപ്പടി	108770
23	ഉറുമ്പിൽപടി-മരിയാൻമൗണ്ട്	176373
24	മഞ്ഞപ്പെട്ടി-ഉപ്പുകണ്ടം	147302
25	അംഗൻവാടിപ്പടി-ചിങ്ങമാത്രപ്പടി	147302
26	കൽക്കുന്തൽ ഓറ്റക്കട-ചപ്പാത്തുകരപ്പടി	147302
27	ഉമ്മക്കട-തങ്കച്ചൻപ്പടി	147302
28	എട്ടുമുക്ക്-കുരിശുപള്ളിപ്പടി	147302
29	കട്ടക്കല-മൂലേകല്ലമപടി	147302
30	കുന്നോൽപ്പടി-എട്ടുമുക്ക്	147302
31	കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാന്റ് -വരക്കാലാപ്പടി	147302
32	ഓം നിവാസ്പടി- കാവുങ്കൽപ്പടി	88153
33	മൂന്നമുക്ക്-SNDP പടി	220932
34	പുഷ്പകണ്ടം- രത്നക്കടി	182383
35	പുഷ്പകണ്ടം – അംഗനവാടിപ്പടി	182383
36	കാന്താരിക്കാനം – പുഷ്പകണ്ടം	147302
37	IP പടി-ആനക്കരപ്പടി	147302
38	പാമ്പാടിപ്പാറ-മഞ്ഞാനമെട്ട്	220932
39	മുണ്ടിയെരുമ NMR പടി	335661
40	മൂന്ന്മുക്ക് ടവർ പടി	108744

41	ബി.എഡ് സെൻ്റർ-എസ്.ഡി.എ. പടി	147302
42	തിരുവല്ലപ്പടി-ആനിമാസൻപ്പടി	108744
43	മൂന്നമുക്ക്-കോണിക്കലപ്പടി	108744
44	KSEB പടി-പള്ളിപ്പടി	147302
45	കരുണ ആശുപത്രി-SC ഹോസ്റ്റൽ	147302
46	കുളമ്പേൽപ്പടി G.V.H.S	147302
47	പ്ലാമൂട്ടിൽ-ചക്കക്കാനം	147302
48	നമ്പൃഭാഗം-കുളമ്പേൽപടി	147302
49	ഉമ്മിക്കുന്നേൽപടി S H കോൺവെൻ്റ്	147302
50	മൈനോർസിറ്റിമേട്-അശോകൻപടി	147302
51	മേവുടിമോട്ട്-കക്കുഴി നഗർ	147302
52	ഒറ്റത്തെങ്ങും മൈനോർസിറ്റിമേട്	70773
53	പുത്തൻപാലം-എട്ടോളിക്കവല	147302
54	കണ്ണാംചിറപ്പടി-പുത്തൻപാലം	147302
55	അൽ മദീനപ്പടി-മുരളിപ്പടി	147302
56	തുമ്പുകൽപ്പടി-മമ്മിപടി	147302
57	മമ്മിപ്പടി-തമ്പ്കൽപ്പടി	147302
58	പുതുവളവ്-വറകുളപ്പടി	182383
59	കട്ടക്കല-മേനോൻമെട്ട്	147302
60	DFOകാട്-കുളങ്ങരപ്പടി	147302
61	എട്ടുമുക്ക്-കാട്ടക്കാല അംഗനവാടി	147302
62	മേലാറ്റപടി-മഞ്ഞപ്പാറ പള്ളിമെട്ട്	147302
63	ശാന്തിനഗർ-പൊന്നാമാല	147302
64	1-നമ്പർ കാലക്കാട്	220907
65	ചെമ്പകക്കുഴി-മാമ്മൂട്	258980
66	എട്ട്മുക്ക്-കുരിശുപള്ളിപ്പടി	147302
67	മംഗലത്തുപടി-പനച്ചിയാനിപ്പടി	147302
68	പലർപള്ളിപ്പടി-അംഗനവാടിപ്പടി	147302
69	ആനക്കല്ല്-ബോജൻ കമ്പനിപ്പടി	220932

70	റേഷൻകട-ബാലൻപ്പടി പടി	148983
71	ANS പടി	186669
72	കൈതോലിപ്പടി-ഏട്ടക്കാനം	147302
	ആകെ	11382375

നിർമ്മാണ സാമഗ്രികളുടെ GST തുകയായി ഈടാക്കിയിട്ടുള്ള നികുതി തുക സർക്കാരിലേക്ക് അടവാക്കിയതായി വ്യക്തമല്ല. ആയതിനാൽ ഈ പ്രവൃത്തിയുടെ ബില്ലുകളിൽ നിന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.റ്റി. ലഭിച്ചിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് പരിശോധിക്കേണ്ടതാണ്.

1-26 എസ്.എസ്.എ വിഹിതം ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ലഭ്യമല്ല

സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം മൂന്ന് പ്രോജക്റ്റുകളിലായി ₹11,66,370/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, എസ്.എസ്.എ വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ എസ്.എസ്.എ-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്	അടങ്കൽ	ബിൽ നം./തീയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
എസ്.എസ്.എ വിഹിതം-ജനറൽ (03/2021)	₹600000/- വികസന ഫണ്ട് (പൊതുവിഭാഗം)	0100452012900559955/ 28.09.2020	വികസന ഫണ്ട് (പൊതുവിഭാഗം)	600000	സെക്രട്ടറി
എസ്.എസ്.എ വിഹിതം-എസ്.സി.പി (12/2021)	₹401000/- വികസന ഫണ്ട് (എസ്.സി.പി)	2010045201290055958/ 28.09.2020	വികസന ഫണ്ട് (എസ്.സി.പി)	401000	
എസ്.എസ്.എ വിഹിതം-ടി.എസ്.പി	₹165370/- വികസന ഫണ്ട്	2010045201290055961/ 28.09.2020	വികസന ഫണ്ട് (ടി.എസ്.പി)	165370	

(13/2021)	(ടി.എസ്.പി)				
			ആകെ	1166370	

29.01.2018-ലെ സ.ഉ(കൈ) നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം എ.എസ്.എ പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമപഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹11,66,370/- തടസ്സപ്പെടുത്തുന്നു.

1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ലോകമാകമാനം പടർന്നു പിടിച്ച കോവിഡ് മഹാമാരി ഏറെ ബാധിച്ച ഒരു പ്രദേശമായിരുന്നു നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്. സംസ്ഥാന സർക്കാരിന്റെ ഇതര ദുരന്തനിവാരണ ഏജൻസികൾക്കൊപ്പം ചേർന്ന് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഗ്രാമപഞ്ചായത്തും ശ്രമിച്ചിട്ടുണ്ട്. ഇതിനായി പ്രവർത്തനം നിലച്ചിരുന്ന കരുണാ ആശുപത്രി ഏറ്റെടുത്ത് CFLTC സജ്ജീകരിക്കുകയും ഹോം ക്വാറന്റൈൻ സാധ്യമല്ലാതിരുന്ന രോഗികൾക്ക് പരിചരണം നൽകുകയും ചെയ്തു. സാമൂഹ്യ അടുക്കളയിലൂടെയും സ്വകാര്യ ഹോട്ടലുകളിലൂടെയും ലോക്ക്ഡൗൺ കാലയളവിൽ സാധുജനങ്ങൾക്കും രോഗികൾക്കും ഭക്ഷണമെത്തിച്ചു. രോഗപ്രതിരോധത്തിനായി വിവിധ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് കൈ കഴുകുന്നതിന് സംവിധാനം ഒരുക്കി. പരിശീലനം നൽകി 44 ഹെൽത്ത് വോളന്റിയർമാരെ വിവിധ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരുന്നു. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യ സുരക്ഷയുതകും വിധം തരിശു ഭൂമി കൃഷി ചെയ്യുന്ന പ്രോജക്ടുകൾ ഏറ്റെടുത്തു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുഖേന ₹26,00,000/- രോഗപ്രതിരോധപ്രവർത്തനങ്ങൾക്കായി ലഭിച്ചിരുന്നു. ഇതുൾപ്പടെ ആകെ ₹10855676/- വിവിധയിനങ്ങളിലായി കോവിഡ് അനുബന്ധപ്രവർത്തനങ്ങൾക്ക് ഇതുവരെ വിനിയോഗിച്ചത്. ചെലവു വൗച്ചറുകളും അനുബന്ധ രേഖകളും പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കണക്കുകളുടെ ആധികാരികത പൂർണമായി വിലയിരുത്താനായിട്ടില്ല. വരവു ചെലവു കണക്കുകൾ നിയന്ത്രിക്കുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 120141201220003 നമ്പർ അക്കൗണ്ടിൽ 14.07.2021 വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം ₹871844/- നീക്കിയിരിപ്പുണ്ട്. സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രസ്തുത തുക വിനിയോഗിക്കുകയോ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധിയിലേക്ക് വകമാറ്റുകയോ ചെയ്യേണ്ടതാണ്.

1-28 ഭവന നിമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് - എസ്.സി & ജനറൽ

എ)

പദ്ധതി നമ്പർ/പദ്ധതി	108/19-20, 178/19-20, 282/20-21 വീട് വാസയോഗ്യമാക്കൽ-എസ്.സി
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ., നെടുങ്കണ്ടം
ബിൽ നം, തീയതി, തുക	19100452009701071980/13.01.2025, ₹25000/- 19100452009701272974/14.02.2025, ₹25000/-

ബി)

പദ്ധതി നമ്പർ/പദ്ധതി	107/19-20, വീട് വാസയോഗ്യമാക്കൽ-ജനറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, നെടുങ്കണ്ടം
ബിൽ നം, തീയതി, തുക	ചെക്ക് നം 1176864/26.02.20, ₹25000/-

വി.ഇ.ഒ, നെടുങ്കണ്ടം സർക്കിൾ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ-എസ്.സി പദ്ധതി പ്രകാരം രജിസ്റ്റർ ക്രമ നം 25, തങ്കച്ചൻ കുട്ടി, ചുങ്കപ്പാറ എന്ന വ്യക്തിക്ക് 19100452009701071980, തീ.13.01.20 പ്രകാരം ₹25,000/- & രജിസ്റ്റർ ക്രമ നം 27 സുരേന്ദ്രൻ ഭാസ്കരൻ എന്ന വ്യക്തിക്ക് 19100452009701272974,25,000, തീ. 14.02.20 പ്രകാരം ₹25,000/- നൽകിയിട്ടുണ്ട്. കൂടാതെ വീട് വാസയോഗ്യമാക്കൽ-ജനറൽ പദ്ധതി പ്രകാരം ലിസി ഷാജി എന്ന വ്യക്തിക്ക് ചെക്ക് നം 1176864,തീ. 26.02.20 പ്രകാരം ₹25000/- നൽകിയിട്ടുണ്ട്. മേൽ 3 വ്യക്തികളും നാളിതുവരെ പണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കുന്നില്ലായെങ്കിൽ പണം കൈപ്പറ്റിയ തീയതി മുതൽക്കുള്ള 18% പലിശ സഹിതം തുക തിരികെ അടവാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-29 ലൈഫ് ഭവന പദ്ധതിയിൽ (എസ്.സി)അധിക സാമ്പത്തിക സഹായം നൽകിയതു കൊണ്ടുള്ള നഷ്ടം - ₹1,20,000/-

പദ്ധതി നമ്പർ/പദ്ധതി	104/19-20, 178/19-20, 282/20-21 ലൈഫ് ഭവന പദ്ധതി (എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ., നെടുങ്കണ്ടം സർക്കിൾ
ബിൽ നം, തീയതി, തുക	19100452009601136609/24.01.20, ₹40,000/- 19100452009601288011/17.02.20, ₹1,60,000/- 19100452009601643205/30.03.20, ₹1,60,000/- 20100452009600028458/11.04.20, ₹1,60,000/-

വി.ഇ.ഒ., നെടുങ്കണ്ടം സർക്കിൾ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം സുജാത ഗോപി, കന്നുകെട്ടുമുകളേൽ, പുഷ്പകണ്ടം പി. ഒ. എന്ന വ്യക്തിക്ക് 4 ബില്ലുകളിലായി ₹5,20,000/- നൽകിയതായി കാണുന്നു. ലൈഫ് ഭവന പദ്ധതിയിൽ എസ്.സി. വിഭാഗത്തിന് നൽകാവുന്ന പരമാവധി തുക ₹4,00,000/- ആണ്. ഇവിടെ ₹1,20,000/- അധികം

നൽകിയിരിക്കുന്നതിനാൽ ₹1,20,000/- നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-30 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്റ്റ് നടപ്പാക്കി

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2020-21-ൽ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്റ്റിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹18,99,900/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്റ്റ് നടപ്പാക്കിയിരിക്കുന്നത്.

പ്രോജക്റ്റിന്റെ പേര്	അടങ്കൽ (₹)	ബിൽ നം./തിയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
ദുരന്ത നിവാരണം-പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (161/2021)	1900000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100452012900856350/ 23.12.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1519902 (മുൻകൂർ)	സെക്രട്ടറി
		20100452012901180499/ 03.03.2021		379998	
			ആകെ	1899900	

പ്രോജക്റ്റിനായി തയ്യാറാക്കിയിട്ടുള്ള പ്രോജക്റ്റ് റിപ്പോർട്ടിൽ (ക്രമ നം. 13, 33) നിർവ്വഹണ രീതി ടെണ്ടർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, പ്രോജക്റ്റിലെ നിർവ്വഹണ രീതിയിൽ നിന്നും വ്യതിചലിച്ച്, പഞ്ചായത്ത് കമ്മിറ്റിയുടെ 11.09.2020ലെ 1-1 തീരുമാനിന്റെ അടിസ്ഥാനത്തിൽ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (KEL) സമർപ്പിച്ച ഇൻവോയ്സ് അംഗീകരിച്ച്, 27.10.2020ലെ A1-161/2020-21 വർക്ക് ഓർഡർ പ്രകാരം നേരിട്ട് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രോജക്റ്റ് പരിഷ്കരിച്ച് ഡി.പി.സി-യുടെ അനുമതി വാങ്ങിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിലെ ഖണ്ഡിക 7.1ൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കാനായി തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് മരങ്ങളുടെയോ മറ്റ് കെട്ടിടങ്ങളുടെയോ നിഴൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ പതിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ മോഡലുകളുടെ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്, ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നിവ സർക്കുലറിൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം, വ്യക്തമാക്കിയിട്ടുണ്ട്.

മോഡൽ നം	ഇനം	സോളാർ പാനൽ	ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം	ലൂമിനി (+25% അനുവദനീയം	പോസ്റ്റിന്റെ ഉയരം	അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പടെ (₹)

മോഡൽ 1	സോളാർ സ്ട്രീറ്റ് ലൈറ്റ്	75 W	250 Wh Lithium Ferro Phophate	8 W	Height-4 M, Dia- 3 Inch	35, 625
മോഡൽ 2	സോളാർ സ്ട്രീറ്റ് ലൈറ്റ്	150 W	768 Wh Lithium Ferro Phophate	20 W	Height-4 M, Dia- 4 Inch	71,250
മോഡൽ 3	സോളാർ സ്ട്രീറ്റ് ലൈറ്റ്	200 W	1152 Wh Lithium Ferro Phophate	36 W	Height-5 M, Dia- 4 Inch	95,000
മോഡൽ 4	സോളാർ സ്ട്രീറ്റ് ലൈറ്റ്	600 W	3072 Wh Lithium Ferro Phophate	24 W 4 സെറ്റ്	Octagonal, Dia- 6 Inch	2,85,000

സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായിട്ടുള്ള തെരുവ് വിളക്കുകളാണ് KEL സ്ഥാപിച്ചിട്ടുള്ളത്. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് ലിമിറ്റഡ് (KEL) സമർപ്പിച്ചിട്ടുള്ള ടാക്സ് ഇൻവോയ്സുകൾ പ്രകാരമുള്ള തെരുവ് വിളക്കിന്റെ (Single Arm) സ്പെസിഫിക്കേഷനുകൾ ചുവടെ കൊടുക്കുന്നു.

ലൈറ്റ്	20W
സോളാർ പാനൽ	100W
ബാറ്ററി	Lithium Phero Phosphate 12.8V 36AH
പോസ്റ്റ്	ജി.ഐ 6 മി, 4''
ചാർജ്ജ് കൺട്രോൾ	10A

അനെർട്ട് സംസ്ഥാന തലത്തിൽ നിർദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ചു നൽകുന്നതിന് എംപാനൽ ചെയ്തു നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, സിസ്റ്റം സ്ഥാപിക്കേണ്ടതാണെന്നും 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് ലിമിറ്റഡ് (KEL)നെ അനർട്ടിന്റെ എംപാനൽഡ് ഏജൻസിയായി തിരഞ്ഞെടുത്തിട്ടില്ല.

06.02.2018-ലെ സ.ഉ(സാധാ)നം.348/2018/തസ്വഭവ പ്രകാരം സോളാർ എനർജി പ്രോജക്ടുകൾ പരിശോധിച്ച്

സാങ്കേതികാനുമതി നൽകുന്നതിന് തദ്ദേശശസ്വയംഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനിയർ കൺവീനറായും ജില്ലാ എഞ്ചിനിയർ അനെർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോജർജ്ജ പ്രോജക്ടുകൽ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയായാൽ അനെർട്ട് ജില്ലാ എഞ്ചിനിയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഉത്തരവിലെ നിർദേശങ്ങൾക്ക് അനുസൃതമായിട്ടല്ല പ്രോജക്ട് നടപ്പാക്കിയത്.

ഒരു യൂണിറ്റ് സോളാർ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് KEL സമർപ്പിച്ച ₹70,370/-യുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകുകയാണ് ചെയ്തിട്ടുള്ളത്. 03.08.2018-ലെ സ.ഉ(അ)118/2018/ധന, 04.07.2019-ലെ സ.ഉ(അ) നം.77/2019/ധന. ഉത്തരവുകൾ പ്രകാരം അക്രെഡിറ്റഡ് ഏജൻസികൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചെലവ് കുറഞ്ഞതും തനത് സാങ്കേതിവിദ്യ ഉപയോഗിക്കുന്നതുമായ അക്രെഡിറ്റഡ് ഏജൻസികൾക്ക് മാത്രമേ സ്വന്തമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതിയുള്ളൂ. അപ്രകാരമല്ലാത്ത അക്രെഡിറ്റഡ് ഏജൻസികൾ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുവാനാണ് അനുമതി. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇൻവെസ്റ്റിഗേഷൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ബിഡിംഗ്, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കാണ് അനുമതിയുള്ളത്. അക്രെഡിറ്റഡ് ഏജൻസി ഇ-ടെണ്ടർ വഴി സുതാര്യമായ സെലക്ഷൻ രീതി അവലംബിച്ച് പ്രവൃത്തി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. PMC യായി പ്രവർത്തിക്കുന്ന അക്രെഡിറ്റഡ് ഏജൻസികൾക്ക് സെന്റേജ് ചാർജ്ജിന് മാത്രമാണ് അർഹത. ഗ്രാമ പഞ്ചായത്തിൽ ഒരേ സമയം PMC-യായും Non-PMC-യായും KEL പ്രവർത്തിച്ചിട്ടുണ്ട്. 19.11.2020-ൽ ഫീസിബിലിറ്റി സാക്ഷ്യപത്രപ്രകാരം തെരുവ് വിളക്കുകളുടെ പ്രവൃത്തി സാങ്കേതികമായി ഫീസിബിൾ ആണെന്ന് KEL സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, KEL തന്നെയാണ് പ്രോജക്ട് നടപ്പാക്കിയതും.

09.01.2017-ലെ സ.ഉ(അ)നം.142/2017/ധന, 03.08.2018ലെ സ.ഉ(അ)118/2018/ധന, 04.07.2019-ലെ സ.ഉ(അ) നം.77/2019/ധന. എന്നിവ പ്രകാരം KEL ന് ഇലക്ട്രോമെക്കാനിക്കൽ വർക്കുകളും ജനറൽ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് KELന് അനുമതിയുള്ളത്. 18.01.2019-ലെ സ.ഉ.(സാധാ)നം.91/2019 ഉത്തരവ് പ്രകാരം KEL ഇലക്ട്രോമെക്കാനിക്കൽ പ്രോജക്ടുകളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയതിനാൽ 03.08.2018ലെ സ.ഉ(അ)118/2018/ധന. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്ഥാപനങ്ങളിലെ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി അനുമതി നൽകിയിട്ടുണ്ട്. 24.04.2019ലെ 33/2019/ധന. സർക്കുലർ പ്രകാരം ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമിയോടുകൂടി മാത്രമേ ഭരണവകുപ്പുകൾ അക്രെഡിറ്റഡ് ഏജൻസികൾക്ക് അനുമതി നൽകാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമ പഞ്ചായത്തിൽ KEL നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019-ലെ യോഗത്തിലും KEL-ന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനാണ് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

03.08.2018-ലെ സ.ഉ(അ)118/2018/ധന. ഉത്തരവ് പ്രകാരം PMC-യായി പ്രവർത്തിക്കുന്ന അക്രെഡിറ്റഡ് ഏജൻസിയ്ക്ക് സാങ്കേതികാനുമതി ലഭിച്ച് കഴിയുമ്പോൾ 50% തുക അഡ്വാൻസായി നൽകുന്നതിനും 50 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ 25% തുകയും പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ ബാക്കി തുകയും അനുവദിക്കാവുന്നതാണ്. ഡെപ്പോസിറ്റ്

പ്രവൃത്തികളുടെ/നേരിട്ട് നിർവ്വഹണം നടത്തുന്ന സംഗതിയിൽ എസ്റ്റിമേറ്റിന്റെ 20% തുക മാത്രമാണ് മുൻകൂർ നൽകുന്നതിന് അനുമതി. ബാക്കി തുക യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തിയ്ക്ക് അനുസൃതമായി എസ്റ്റിമേറ്റിന്റെ 15%-ൽ പരിമിതപ്പെടുത്തി 5 ഗഡുക്കളായി നൽകുന്നതിനാണ് അനുമതി. ഓരോ ഗഡുവും അനുവദിക്കുമ്പോഴും ബാക്കിയുള്ള പ്രവൃത്തി മൂല്യത്തിന്റെ 5 ശതമാനം പെർഫോമൻസ് ഗ്യരണ്ടിയായി കരുതേണ്ടതും അവസാന ഗഡു അനുവദിക്കുമ്പോൾ തിരികെ നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് കമ്മിറ്റിയുടെ 11.09.2020-ലെ 1-1 തീരുമാനത്തിന്റെയും KEL യൂണിറ്റ് ഹെഡ് എടരിക്കോടിന്റെ 17.12.2020-ലെ KEMG/24-60/1056/20 കത്ത് പ്രകാരം പദ്ധതിയുടെ 80% മുൻകൂർ അനുവദിക്കണമെന്ന അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും ₹15,19,992/- മുൻകൂറായി അനുവദിച്ച സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. കൂടാതെ, 5 ശതമാനം പെർഫോമൻസ് ഗ്യാരണ്ടി പിടിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (KEL)ന്റ ഇൻവോയ്സുകൾ പ്രകാരം 27 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിതിന് 5 ശതമാനം നികുതി ഉൾപ്പടെ ₹18,99,900/- ചെലവായിട്ടുണ്ട്. ഒരു സ്ട്രീറ്റ് ലൈറ്റിന് 5 ശതമാനം ജി.എസ്.ടി ഉൾപ്പടെയുള്ള നിരക്ക് ₹73,070/-യാണ്. എന്നാൽ, ഗ്രാമ പഞ്ചായത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചുവെന്നത് സംബന്ധിച്ച രേഖകൾ ഫയലില്ല. കൂടാതെ, വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക്/ആസ്തി രജിസ്റ്ററുകളിലും തെരുവ് വിളക്കുകളുടെ രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.12.2021) നൽകിയ മറുപടിയിൽ അനെർട്ടിന്റെ സാങ്കേതിക സഹായം തേടാതെയാണ് പ്രോജക്ട് നടപ്പാക്കിയതെന്നും സർക്കാർ ഏജൻസിയായതിനാലാണ് 80% തുക മുൻകൂർ നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, പ്രോജക്ടിൽ നിന്നും വ്യതിചലിച്ച്, അംഗീകാരമില്ലാത്ത സ്ഥാപനം മുഖേനയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (KEL) സ്ഥാപിച്ച തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകളും നിരക്കും അനെർട്ട് പോലുള്ള ക്ഷമതയുള്ള ഏജൻസിയെ കൊണ്ട് പരിശോധിപ്പിച്ച് ഗ്രാമപഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ടെങ്കിൽ നിർണ്ണയിച്ച് KEL-ൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ട തുക ഉത്തരവാദികളായ ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രോജക്ടിനായി വിനിയോഗിച്ച ₹18,99,900/- തടസ്സപ്പെടുത്തുന്നു.

1-31 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പാക്കി

ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 2020-21-ൽ 2 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് (പ്രോജക്ട് നം. 158/2021, 414/2021). 06.09.2019ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-5 തീരുമാന പ്രകാരം KEL മുഖേന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ KEL ആണ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ടുകൾക്കായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹4,70,770/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി മാത്രമായ സ്ഥാപനം മുഖേനെയാണ് പ്രോജക്ട് നടപ്പാക്കിയത്.

പ്രോജക്ടിന്റെ പേര്	അടങ്കൽ	ബിൽ നം./തീയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
പട്ടികവർഗ്ഗ കോളനികളിൽ വഴിവിളക്ക് സ്ഥാപിക്കൽ (158/2021)	₹92882/- വികസന ഫണ്ട് - ടി.എസ്.പി	20100452012901180502/ 03.03.2021	വികസന ഫണ്ട് – ടി.എസ്.പി	92050	സെക്രട്ടറി
ഉദയപുരം എസ്.സി കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	₹380000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100452012901180501/ 03.03.2021	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	378720	
			ആകെ	470770	

ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ കൂടാതെയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ട് ക്രമ നമ്പർ. 13 പ്രകാരം നിർവ്വഹണ രീതി ടെണ്ടർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, അക്രഡിറ്റഡ് ഏജൻസി മുഖേന നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

നിർവ്വഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലായ്ഡ് എഞ്ചിനിയറിംഗ് ലിമിറ്റഡ് (KEL) ആണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. 09.01.2017-ലെ സ.ഉ (അ) നം.142/2017/ധന, 04.07.2019-ലെ സ.ഉ (അ)നം.77/2019/ധന. എന്നിവ പ്രകാരം KEL-ന് ഇലക്ട്രോ മെക്കാനിക്കൽ വർക്കുകളും ജനറൽ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് അനുമതിയുള്ളത്. 18.01.2019-ലെ സ.ഉ(സാധാ)നം.91/2019 ഉത്തരവ് പ്രകാരം KEL ഇലക്ട്രോമെക്കാനിക്കൽ പ്രോജക്ടുകളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയതിനാൽ 03.08.2018-ലെ സ.ഉ(അ)118/2018/ധന. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്ഥാപനങ്ങളിലെ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി അനുമതി നൽകിയിട്ടുണ്ട്. 24.04.2019-ലെ 33/2019/ധന. സർക്കുലർ പ്രകാരം ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഭരണവകുപ്പുകൾ അക്രഡിറ്റഡ് ഏജൻസികൾക്ക് അനുമതി നൽകാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ KEL നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ

20.06.2019-ലെ യോഗത്തിലും KELന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനാണ് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി-2/44274/2015 മാർഗ്ഗ നിർദ്ദേശത്തിൽ പ്രതിപാദിച്ചിരിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ. തെരുവ് വിളക്കുകൾ, മിനി/ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശങ്ങളും ഇൻസ്റ്റലേഷൻ സാക്ഷ്യപത്രവും ഫയലില്ല.

ഉദയപുരം എസ്.സി കോളനി തെരുവ് വിളക്ക് വിതരണം എന്ന പ്രോജക്ടിൽ ഉദയപുരം എസ്.സി കോളനിയിൽ സ്ഥാപിക്കുന്നതിന് 144 തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ, പരമാവധി 40 തെരുവ് വിളക്കുകൾ മാത്രമാണ് കോളനിയിൽ സ്ഥാപിക്കാവുന്നത്. ബാക്കി തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകളില്ല. ഉദയപുരം എസ്.സി. കോളനിയിൽ സ്ഥാപിക്കുന്നതിന് പരമാവധി 40 തെരുവ് വിളക്കുകളാണ് ആവശ്യമെന്നിരിക്കെ 144 തെരുവ് വിളക്കുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കോളനിയിൽ സ്ഥാപിച്ച തെരുവ് വിളക്കുകൾ ഭൂരിഭാഗവും നിലവിൽ പ്രവർത്തനരഹിതമാണ്. എന്നാൽ, വാറണ്ടി കാലാവധിയായ രണ്ട് കാലാവധിയ്ക്കുള്ളിൽ കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് KEL-ന് ബാദ്ധ്യതയുണ്ടെന്ന് ഗ്രാമപഞ്ചായത്തുമായി 03.11.2020-ൽ ഒപ്പിട്ട കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, കേടായ തെരുവ് വിളക്കുകൾ മാറ്റി പുതിയ തെരുവ് വിളക്കുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.12.2021) മറുപടി നൽകിയിട്ടില്ല.

പട്ടിക വർഗ്ഗ കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം 35 തെരുവ് വിളക്കുകൾ വാങ്ങിയത് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ക്രമവിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹4,70,770/- തടസ്സപ്പെടുത്തുന്നു.

1-32 അംഗൻവാടികൾക്ക് ഫർണിച്ചർ - പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചില്ല

അംഗൻവാടികൾക്ക് ഫർണിച്ചർ എന്ന പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1,63,396/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പ്രൊക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്.

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ നം./തിയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
അംഗൻവാടികൾക്ക് ഫർണിച്ചർ (130/2020, 290/2021)	₹200000/- റോഡിതരം സംരക്ഷണ ഗ്രാന്റ്	20100452012900476360/ 26.08.2020	റോഡിതരം സംരക്ഷണ ഗ്രാന്റ്	198750	സെക്രട്ടറി

വാങ്ങുവാൻ ഉദ്ദേശിക്കുന്ന ഫർണിച്ചറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താതെയാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഏതൊക്കെ പകൽ വീടുകൾക്കാണ് ഫർണിച്ചറുകൾ വാങ്ങുന്നതെന്നും വ്യക്തമാക്കിയിട്ടില്ല. അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങുന്നുന്നതിന് 02.11.2019ലെ ബി6-10001/19 പ്രകാരം ക്ഷണിച്ച ടെണ്ടർ നോട്ടീസിൽ വാങ്ങേണ്ട ഇനങ്ങളിൽ യു-ഷേപ്ഡ് ടേബിളുകൾ, കുട്ടികൾക്കുള്ള കസേരകൾ എന്ന് മാത്രമാണ് രേഖപെടുത്തിയിട്ടുള്ളത്. വാങ്ങുന്ന ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷൻ, ഇനം, തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ വിവിധ സ്പെസിഫിക്കേഷനിലും നിരക്കിലുമുള്ള ഫർണിച്ചറുകളാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനം	മേശ	കസേര
1	തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി	GI Frame With Particle Top 10 Seat - ₹9890/-	GI Frame With Seat And Back Particle Board - ₹990/-
		GI Frame With Particle Top 12 Seat - ₹11890/-	GI Frame With Seat And Back Anjili/Mahogany Wood - ₹1150/-
2	ജെയ്സൺ ഇംപെക്സ്, പാലാ	Normal Quality – ₹3000/-, ₹2900/-	X Square Plastic – ₹140/-
		High Quality - ₹4000/-	All Is Plastic – ₹195/-
3	ജെ. കെ. എന്റർപ്രൈസസ്, വെള്ളയാംകുടി	Height, 2 Ft Top Width Mahogany-₹22000/-	Smile Kids Plastic Chair – ₹360/-
4	സോന ട്രേഡിംഗ് കമ്പനി, നെടുങ്കണ്ടം	U Shape Table – ₹5000/-, ₹3500/-, ₹2000/-	Plastic Prima – ₹260/-, ₹240/-
			Easy Chair – ₹320/-, ₹280/-
5	ഡ്രീം ഇന്ത്യ സ്കൂൾ എയ്ഡ്,	Plastic 135*75 Cm, Height 50 Cm,	Baby Chair Nilakamal

	അനക്കൽ	Thickness 40mm Fine Plastic – ₹3568.32	14.5inch, 23 Inch Height, Vigin Plastic- ₹223.02
		54''*30''*23''virgin Plastic With Armrest – ₹4342.40	Plastic Chair 18*14*26'' DLX Quality,Cut Shape – ₹542.80

ഗ്രാമ പഞ്ചായത്തിന്റെ 15.11.2019ലെ യോഗത്തിൽ ഓരോ ഇനത്തിലും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ജെയ്സൺ ഇംപെക്സ്, ടേബിൾ വിഭാഗത്തിൽ സോനാ ഗ്രേഡിംഗ് കമ്പിനിയുടെ സാമ്പിളും പ്രോക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ടി കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഗുണമേന്മ ഉറപ്പുവരുത്തി സപ്ലെ ഓർഡർ നൽകുന്നതിനും 2-8 തീരുമാന പ്രകാരം നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ടെണ്ടർ തുറന്നതിനുശേഷം ഫർണിച്ചറുകളുടെ ഗുണനിലവാരം വിലയിരുത്തുന്ന നടപടി ക്രമപ്രകാരമല്ല. സാമ്പിളുകൾ ഹാജരാക്കുന്നതിന് സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ളതായി ഫയലിൽ 15.11.2020 ലെ ബി6-1936/2020 കത്ത് ഇട്ടിട്ടുണ്ട്. എന്നാൽ, ഡെസ്പാച്ച് രജിസ്റ്റർ, ഇ-മെയിൽ എന്നിവ പരിശോധിച്ചതിൽ കത്ത് അയച്ചതായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 16.01.2020ലെ യോഗത്തിൽ ജെയ്സൻ ഇംപെക്സ്, മുത്തോലി എന്ന സ്ഥാപനം മാത്രമാണ് സാമ്പിൾ ഹാജരാക്കിയിട്ടുള്ളതെന്നും സാമ്പിളുകൾ പരിശോധിച്ച് മികച്ചത് എന്ന് കണ്ടെത്തിയ യു ഷേപ്പ് ടേബിൾ 50 എണ്ണം, ബേബി ചെയർ 250 എണ്ണം എന്നിവ സപ്ലെ ചെയ്യുന്നതിന് സെക്രട്ടറിയെ 4-4 തീരുമാന പ്രകാരം ചുമതലപ്പെടുത്തി.

50 യു ഷേപ്പ് ടേബിൾ, 250 ബേബി കസേരകൾ എന്നിവ വിതരണം ചെയ്യുന്നതിന് 04.03.2020ലെ ബി6-11000 പ്രകാരം ജെയ്സൻ ഇംപക്സ്, മുത്തോലി എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 15.05.2020ലെ B100019 ബിൽ പ്രകാരം ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് ഏതൊക്കെ അംഗൻവാടികൾക്കാണ് വിതരണം ചെയ്തിട്ടുള്ളതെന്ന വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/20.12.2021-ന് മറുപടി ലഭ്യമാക്കിയില്ല.

പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ ഫർണിച്ചറുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിനായി ചെലവഴിച്ച ₹198750/- തടസപ്പെടുത്തുന്നു.

1-33 പകൽ വീടിന് ഫർണിച്ചർ-പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

പകൽ വീടിന് ഫർണിച്ചർ എന്ന പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1,63,396/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്.

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ നം./ചെക്ക് നം./ തീയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
പകൽവീടിന് ഫർണിച്ചർ (237/2020, 307/2021)	₹120000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	20100452012900712272/ 10.11.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	120000	സെക്രട്ടറി
	₹80000/- (തനത് ഫണ്ട്)-	2529100/18.11.2020	തനത് ഫണ്ട്	43396	
ആകെ	200000			163396	

വാങ്ങുവാൻ ഉദ്ദേശിക്കുന്ന ഫർണിച്ചറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താതെയാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പകൽവീടിന് ഫർണിച്ചർ വാങ്ങുന്നുന്നതിന് 01.11.2019ലെ ബി.6-10001/19 പ്രകാരം ക്ഷണിച്ച ടെണ്ടർ നോട്ടീസിൽ വാങ്ങേണ്ട ഇനങ്ങളിൽ കട്ടിൽ, മേശ, കസേര എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങുന്ന ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷൻ, ഇനം, തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ വിവിധ സ്പെസിഫിക്കേഷനിലും നിരക്കിലുമുള്ള

ഫർണിച്ചറുകളാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനം	ഇനം		
		കട്ടിൽ	മേശ	കസേര
1	തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി	Anjili/Mahogany (Single Cot) - 4190/-	Steel 4*4*2.5 Nova Pan Top, Draw, Cupboard (Light)-2379/-	Friendly-369/-
		Teak (Single Cot) - 8900/-	Steel 4*4*2.5 Nova Pan Top, Draw, Cupboard (Medium)-2598/-	Chairman-445
		Anjili/Mahogany (Double Cot) - 6200/-	Steel 4*4*2.5 Nova Pan Top, Draw, Cupboard (Heavy)-2999/-	Nilakamal2071-449/-
		Teak (Double Cot) - 12800/-	4*4*2.5 Nova Pan Top, Draw, Cupboard (Anjili)-6500/-	Nilakamal2060-480/-
				Nilakamal2065-495/-
				Nilakamal7015-470/-
2	ജെയ്സൺ ഇംപെക്സ്, പാല	Mahogany - 3649/-	3*2 - 2300/-	Armless Steel – 800/-
		Anjili - 3749/-	4*2 - 3250/-	Armed Steel Chair – 930/-
				Armed Steel Chair – 1300/-
				Plastic/Fiber Chair – 540/-
				Steel Chair Powder Coat – 935/-
3	ജെ. കെ എന്റർപ്രൈസസ്, വെള്ളയാംകുടി	Mahogany 75*36 Inch - 5600/-	3*1.5 Ft Steel, Cupboard,Draw- 2700/-	Armed Fiber Chair – 650/-
4	സോന ട്രേഡിംഗ് കമ്പിനി, നെടുങ്കണ്ടം	Mahogany/Teak 6*3 – 4900/-, 4600/-	Steel Board Top 3*1.5 - 1900/-	Powder Coating - 1650/-
		Mahogany/Teak 6*4 – 5500/-, 6000/-	Steel Board Top 3*1.5 - 2250/-	Revolving - 3500/-
		Coconut 6*3 - 4200/-	Steel Board Top 3*1.5 - 2500/-	Plastic - 899/-
		Coconut 6*4 - 5200/-	Steel Board Top 3*2 - 2800/-	Steel - 1950/-
			Steel Board Top 3*2 - 3200/-	Channa Model - 2250/-
			Steel Board Top 3*2 - 4000/-	
			Steel Board Top 3*2 - 5000/-	
			Steel Board Top 3*2 - 5500/-	
			Steel Board Top, One Side Drawer 4*2 - 2900/-	
			Wood 4*2 – 6500/-	
			Plastic Board 4*1.5 - 2800/-	
			Plastic Board 4*1.5 – 4900/-	
5	എം.എച്ച് ഏജൻസീസ്, പാലാ	Mahogany 6*4 Medium 5400/-	Anjili 6*2 - 3400/-	Teak - 2100/-
		Mahogany 6*4 - 6400/-	Teak 6*2 - 6200	Mahogany - 1600/-
		Teak 6*4 – 6400/-		Fiber - 550/-
		Teak 6*4 – 7600/-		Anjili - 1200/-
		Anjili 6*4 – 4100/-		Mahogany - 3100/-

	Mahogany 6*3 - 4100/-		
	Teak 6*3 - 6400/-		

ഗ്രാമ പഞ്ചായത്തിന്റെ 15.11.2019-ലെ യോഗത്തിൽ 6*3 മഹാഗണി തടി കൊണ്ടുള്ള കട്ടിലും കൈപ്പിടിയുള്ള ഫൈബർ കസേരയും 3*1.5 അടി മേശയും (കബോർഡ്, സ്റ്റീൽ) വാങ്ങുന്നതാണ് കൂടുതൽ അനുയോജ്യമെന്ന് വിലയിരുത്തുകയും ടെണ്ടറിൽ പങ്കെടുത്ത കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന കട്ടിൽ, മേശ-ജെയ്സൻ ഇംപെക്സ്, കസേര-എം.എച്ച് ഏജൻസീസ് എന്നിവരോട് സാമ്പിൾ ഹാജരാക്കുന്നതിനും ആയത് പരിശോധിച്ച് പ്രോക്യൂർമെന്റ് കമ്മിറ്റി ഗുണമേന്മയുള്ളത് തെരഞ്ഞെടുത്ത് സപ്ലൈ ഓർഡർ നൽകുന്നതിനും 2-7 തീരുമാന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, ടെണ്ടർ തുറന്നതിനുശേഷം ഫർണിച്ചറുകളുടെ ഗുണനിലവാരവും സ്പെസിഫിക്കേഷനും വിലയിരുത്തുന്ന നടപടി ക്രമപ്രകാരമല്ല. സാമ്പിളുകൾ ഹാജരാക്കുന്നതിന് സ്ഥാപനങ്ങളോട് 15.11.2019-ലെ ബി.6-1936/2020 ആവശ്യപ്പെട്ടിട്ടുള്ളതായി കത്ത് ഫയലിൽ ഇട്ടിട്ടുണ്ട്. എന്നാൽ, ഡെസ്പാച്ച് രജിസ്റ്റർ, ഇ-മെയിൽ എന്നിവ പരിശോധിച്ചതിൽ കത്ത് അയച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 02.12.2019-ലെ യോഗം കട്ടിൽ (മഹഗണി), സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക്ക് കസേര എന്നിവ ജെയ്സൻ ഇംപെക്സ് എന്ന സ്ഥാപനം ഹാജരാക്കിയത് കൂടുതൽ ഗുണനിലവാരം ഉള്ളതിനാൽ സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനിച്ചു (തീരുമാനം - 1). എന്നാൽ, കസേരയ്ക്ക് കുറഞ്ഞ തുക ക്വോട്ട് ചെയ്ത എം.എച്ച്. ഏജൻസീസ് സാമ്പിൾ ഹാജരാക്കിയതിന്റെയും പരിശോധിച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

6*3 വലിപ്പത്തിലുള്ള 4 കട്ടിൽ, 3*1.5 വലിപ്പത്തിലുള്ള 6 കബോർഡ് & സ്റ്റീൽ മേശ, 250 ഫൈബർ (കൈപ്പിടിയുള്ളത്) കസേരകൾ എന്നിവ വിതരണം ചെയ്യുന്നതിന് 20.10.2020-ലെ ബി.6-1936 പ്രകാരം ജെയ്സൻ ഇംപെക്സ്, മുത്തോലി എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 06.11.2020-ലെ B-100690 ബിൽ പ്രകാരം ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് ഏതൊക്കെ പകൽവീടുകൾക്കാണ് വിതരണം ചെയ്തിട്ടുള്ളതെന്ന വിവരം ലഭ്യമല്ല.

പ്രൊക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിക്കാതെ ഫർണിച്ചറുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിനായി ചെലവഴിച്ച ₹1,63,396/- തടസ്സപ്പെടുത്തുന്നു.

1-34 സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുണിസഞ്ചി വിതരണം

തുണിസഞ്ചി വിതരണം ചെയ്യുന്നതിനായി 2019-20ൽ ₹1,15,631/-യും 2020-21ൽ ₹1,24,336/-യും ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്.

പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെക്ക്/ബിൽ നം./ തിയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
തുണിസഞ്ചി നിർമ്മാണം (249/2020)	₹124336/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ₹115664/- (തനത് ഫണ്ട്)- ആകെ-₹240000/-	879669/30.03.2020	തനത് ഫണ്ട്	115631	സെക്രട്ടറി
തുണിസഞ്ചി നിർമ്മാണം (310/2021)	₹124336/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ₹115664/-	20100452012900174061/ 18.05.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	124336	

	(തനത് ഫണ്ട്)- ആകെ-₹240000/-				
			ആകെ	239967	

പ്ലാസ്റ്റിക്ക് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ തുണിസഞ്ചികളുടെ ലഭ്യതക്കുറവ് ഉണ്ടെന്നും അതിനാൽ തുണിസഞ്ചി നിർമ്മിച്ച് വിതരണം ചെയ്യേണ്ടത് അനിവാര്യമാണെന്ന 29.11.2019-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രോജക്ട് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു (തീരുമാന നം. 4-1). പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഏറ്റെടുത്ത് (249/2020) 30cm X35 Cm X 2.5cm ബിഗ് ഷോപ്പർ മോഡൽ തുണി സഞ്ചി നിർമ്മിച്ച് ഗ്രാമ പഞ്ചായത്തിന്റെ പേരും ലോഗോയും സ്ക്രീൻ പ്രിന്റ് ചെയ്യുന്നതിന് 09.01.2019-ൽ ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ പങ്കെടുത്ത മെഹമ്മദ് ഇസ്മയിൽ എന്നയാൾ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ക്വോട്ട് ചെയ്തിട്ടുണ്ട്.

ഇനം	നിരക്ക് ₹
Width 40'' 1m Folding (95cm)	22.50
Width 44'' 1m Folding (97cm)	28.00
Width 44'' 1m Folding (97cm)	34.00

ടെണ്ടറിൽ ഒരു സ്ഥാപനം മാത്രം പങ്കെടുത്തതിനാൽ 05.02.2020-ൽ റീ ടെണ്ടർ ചെയ്തു. എന്നാൽ, റീ ടെണ്ടറിൽ സഞ്ചിയുടെ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ നൂറ് ശതമാനം കോട്ടൻ ഫേബ്രിക്ക് തുണി എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രണ്ട് തവണ ടെണ്ടർ ചെയ്തിട്ടും ഒരു സ്ഥാപനം മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തുള്ളത് എന്നതിനാൽ ടെണ്ടറിൽ പങ്കെടുത്ത സോന ട്രേഡിംഗ് കമ്പിനി, നെടുങ്കണ്ടം ക്വോട്ട് ചെയ്ത 15 Inch*16inch കോട്ടൺ ഫാബ്രിക്ക് തുണി സഞ്ചി ഒരെണ്ണത്തിന് ₹39/-യ്ക്ക് തയ്പിച്ച് ഗ്രാമപഞ്ചായത്തിന്റെ പേരും ലോഗോയും പ്രിന്റ് ചെയ്തുനൽകുന്നതിനുള്ള സപ്ലൈ ഓർഡർ നൽകുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും 26.02.2021-ലെ ഗ്രാമപഞ്ചായത്തിന്റെ 4-2 തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

30.07.2015-ലെ സ.ഉ(ആ)നം.324/2015/ധന,/12.10.2016ലെ സ.ഉ(ആ)നം.153/2016/ധന ഉത്തരവുകൾ, 28.10.2013-ലെ 2508/ബി2/2013/ എസ്.പി.ഡി. സർക്കുലർ എന്നിവ പ്രകാരം ഒരു ടെണ്ടർ മാത്രം ലഭിച്ചാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഏക ടെണ്ടർ ലഭിച്ചാൽ തുറക്കാതെ റീ ടെണ്ടർ ചെയ്യുകയോ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള സമയപരിധി 15 പ്രവൃത്തി ദിവസങ്ങൾ വരെ ദീർഘിപ്പിക്കുകയോ ചെയ്യേണ്ടതാണ്. ഈ കാലയളവിൽ കൂടുതൽ ടെണ്ടർ ലഭിച്ചാൽ ആദ്യ ടെണ്ടർ ഉൾപ്പെടെയുള്ളവ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. രണ്ടാമതും ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുത്തില്ലെങ്കിൽ ആദ്യ ടെണ്ടർ

പരിഗണിച്ച് വിശദമായ ന്യായീകരണത്തോടെ അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് മാത്രം ആദ്യ ടെണ്ടർ അംഗീകരിക്കാവുന്നതാണ്. എന്നാൽ, ആദ്യ ടെണ്ടറിൽ പങ്കെടുത്ത ബിഡറെ പരിഗണിക്കാതെയാണ് രണ്ടാമത് പങ്കെടുത്ത ബിഡർക്ക് ടെണ്ടർ ഉറപ്പിച്ചു കൊടുത്തത്.

സോനാ ട്രേഡിംഗ് കമ്പിനിയുടെ B-6718/30.02.2020 ഇൻവോയ്സ് പ്രകാരം 6153 15*16 കോട്ടൺ തുണി സഞ്ചികൾ വിതരണം ചെയ്തതിന് ₹2,39,967/- ചെലവായിട്ടുണ്ട്.

സ.ഉ(സാധാ)22/2018/തസ്വഭവ. സബ്സിഡി മാർഗ്ഗരേഖയിൽ ബാഗ് വിതരണം ചെയ്യുന്നതിന് അനുവാദമില്ല. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020-ലെ യോഗത്തിന്റെ 3-3 തീരുമാനപ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജൂട്ട്/തുണി സഞ്ചികൾ വീടുകളിൽ/കടകളിൽ വിതരണം ചെയ്യുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതല്ലെന്നും എന്നാൽ പ്ലാസ്റ്റിക്ക് സഞ്ചികൾക്ക് ബദൽ എന്ന നിലയിൽ ഇതിനായി യൂണിറ്റുകൾ തുടങ്ങുന്നതിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കാനും മെഷീൻ ഉൾപ്പടെയുള്ള മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാമെന്നും നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമ പഞ്ചായത്ത് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയാണ് തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുത്തത്.

വാങ്ങിയ തുണി സഞ്ചികൾ സ്റ്റോക്കിലെടുത്തിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല. പ്ലാസ്റ്റിക്ക് നിർമ്മാർജനത്തിനായി ക്രിയാത്മകമായ പ്രോജക്ടുകൾ ഏറ്റെടുക്കാതെ തുണി സഞ്ചി വിതരണം പോലുള്ള ദീർഘവീക്ഷണമില്ലാത്ത ഹ്രസ്വകാല പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിന് സ്ഥായിയായ പരിഹാരമല്ല. പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/21.12.2021) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പ്ലാസ്റ്റിക്ക് നിരോധനത്തിന് മുമ്പത്തെ നിലയിൽ തന്നെയാണ്. മാനദണ്ഡപ്രകാരമല്ലാതെ പ്രോജക്ട് ഏറ്റെടുത്തതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/21.12.2021) വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1-35 പ്രോക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ പ്രോജക്ടുകൾ നടപ്പാക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ആവിഷ്കരിച്ചതും 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയതുമായ വിവിധ വാങ്ങൽ പ്രോജക്ടുകൾ പ്രൊക്യൂർമെന്റ് മാനുവൽ, സ്റ്റോർ പർച്ചേസ് മാനുവൽ, പദ്ധതി മാർഗ്ഗ രേഖ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ടുകളിലെ പൊതുവായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(i) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പും മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010-ലെ സ.ഉ(ആർ)259/2010/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ, ഗ്രാമപഞ്ചായത്ത് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(2) ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്ന് പ്രൊക്യൂർമെന്റ് മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [2.3.(E)]. സമാനമായ വിവിധ വാങ്ങൽ പ്രോജക്ടുകൾ ഒറ്റ പ്രോജക്ടായി ആവിഷ്കരിക്കാതെ പല പ്രോജക്ടുകളായി ആണ് ആവിഷ്കരിച്ചിട്ടുള്ളത്.

3) സ്പെസിഫിക്കേഷനുകൾ പ്രസക്തമായ സവിശേഷതകളോടുകൂടിയും പ്രകടന ആവശ്യകതകയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം എന്ന് പ്രൊക്യൂർമെന്റ് മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (5.1). 2013-ലെ സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 4.3 പ്രകാരം സ്പെസിഫിക്കേഷനുകളും സാങ്കേതിക വിശദാംശങ്ങളും വ്യക്തമായി രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, വാങ്ങുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ, എണ്ണം, തരം, ഇനം, സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങൾ പ്രോജക്ട് റിപ്പോർട്ടിലും ടെണ്ടറിലും രേഖപ്പെടുത്തിയിട്ടില്ല.

4) 2013-ലെ സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 4.3-ൽ വാങ്ങാൻ ഉദ്ദേശിക്കുന്ന സ്റ്റോറുകളുടെ വിവരണവും എല്ലാ പ്രധാന സവിശേഷതകളും ഉൾക്കൊള്ളുന്നതും ആവശ്യകതകളെ കുറിച്ച് വരാൻ പോകുന്ന ടെണ്ടർമാർക്ക് ആശയം പ്രദാനം ചെയ്യുന്നതും ആയിരിക്കണം. സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ, എണ്ണം തുടങ്ങിയ വിവരങ്ങൾ ടെണ്ടർ നോട്ടീസിൽ കൃത്യമായും രേഖപ്പെടുത്തണം. എന്നാൽ, മേൽ നിബന്ധനകൾ പാലിക്കാതെയാണ് പഞ്ചായത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങുന്നതിന് ക്ഷണിച്ച ടെണ്ടറുകളിൽ അടങ്കൽ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആവശ്യമുള്ള സാധനങ്ങളുടെ വിശദാംശങ്ങൾ, തരം, എണ്ണം, സ്പെസിഫിക്കേഷനുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5) കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1-ലെ ആർട്ടിക്കിൾ 148(എ) പ്രകാരം സാധനങ്ങൾ എല്ലാം ലഭിച്ചെന്ന് ഉറപ്പ് വരുത്തി സ്റ്റോക്കിൽ രേഖപ്പെടുത്തിയതിന് ശേഷം മാത്രമേ വിതരണക്കാരന് തുക അനുവദിക്കാവൂ. സ്റ്റോക്കുകൾ ലഭിക്കുന്ന അവസരത്തിൽ തന്നെ ഓരോ ഇനവും വ്യക്തമായി സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന് ആർട്ടിക്കിൾ 149(i)ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ആർട്ടിക്കിൾ 150-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം ചെയ്തതിന്റെ വിശദാംശങ്ങളില്ല.

ഗ്രാമ പഞ്ചായത്തിന്റെ 15.11.2019-ലെ യോഗത്തിൽ 6*3 മഹാഗണി തടി കൊണ്ടുള്ള കട്ടിലും കൈപ്പിടിയുള്ള ഫൈബർ കസേരയും 3*1.5 അടി മേശയും (കബോർഡ്, സ്റ്റീൽ) വാങ്ങുന്നതാണ് കൂടുതൽ അനുയോജ്യമെന്ന് വിലയിരുത്തുകയും ടെണ്ടറിൽ പങ്കെടുത്ത കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന കട്ടിൽ, മേശ-ജെയ്സൻ ഇംപെക്സ്, കസേര-എം.എച്ച് ഏജൻസീസ് എന്നിവരോട് സാമ്പിൾ ഹാജരാക്കുന്നതിനും ആയത് പരിശോധിച്ച് പ്രോക്യൂർമെന്റ് കമ്മിറ്റി ഗുണമേന്മയുള്ളത് തെരഞ്ഞെടുത്ത് സപ്ലൈ ഓർഡർ നൽകുന്നതിനും 2-7 തീരുമാന പ്രകാരം നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ടെണ്ടർ തുറന്നതിനുശേഷം ഫർണിച്ചറുകളുടെ ഗുണനിലവാരവും സ്പെസിഫിക്കേഷനും വിലയിരുത്തുന്ന നടപടി ക്രമപ്രകാരമല്ല. സാമ്പിളുകൾ ഹാജരാക്കുന്നതിന് സ്ഥാപനങ്ങളോട് 15.11.2019-ലെ ബി.6-1936/2020 ആവശ്യപ്പെട്ടിട്ടുള്ളതായി കത്ത് ഫയലിൽ ഇട്ടിട്ടുണ്ട്. എന്നാൽ, ഡെസ്പാച്ച് രജിസ്റ്റർ, ഇ-മെയിൽ എന്നിവ പരിശോധിച്ചതിൽ കത്ത് അയച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 02.12.2019-ലെ യോഗം കട്ടിൽ (മഹാഗണി), സ്റ്റീൽ ടേബിൾ, പ്ലാസ്റ്റിക്ക് കസേര എന്നിവ ജെയ്സൻ ഇംപെക്സ് എന്ന സ്ഥാപനം ഹാജരാക്കിയത് കൂടുതൽ ഗുണനിലവാരം ഉള്ളതിനാൽ സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനിച്ചു (തീരുമാനം – 1). എന്നാൽ, കസേരയ്ക്ക് കുറഞ്ഞ തുക ക്വോട്ട് ചെയ്ത എം.എച്ച്. ഏജൻസീസ് സാമ്പിൾ ഹാജരാക്കിയതിന്റെയും പരിശോധിച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

6*3 വലിപ്പത്തിലുള്ള 4 കട്ടിൽ, 3*1.5 വലിപ്പത്തിലുള്ള 6 കബോർഡ് & സ്റ്റീൽ മേശ, 250 ഫൈബർ (കൈപ്പിടിയുള്ളത്) കസേരകൾ എന്നിവ വിതരണം ചെയ്യുന്നതിന് 20.10.2020-ലെ ബി.6-1936 പ്രകാരം ജെയ്സൻ ഇംപക്സ്, മുത്തോലി എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 06.11.2020-ലെ B-100690 ബിൽ പ്രകാരം ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് ഏതൊക്കെ പകൽവീടുകൾക്കാണ് വിതരണം ചെയ്തിട്ടുള്ളതെന്ന വിവരം ലഭ്യമല്ല.

പ്രൊക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിക്കാതെ ഫർണിച്ചറുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിനായി ചെലവഴിച്ച ₹1,63,396/- തടസ്സപ്പെടുത്തുന്നു.

1-36 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ നം./ തിയതി	ഫണ്ട്	തുക (₹)
പദ്ധതി രൂപീകരണം, മോണിറ്ററിംഗ് (296/2021)	₹302862/- തനത് ഫണ്ട്	ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	തനത് ഫണ്ട്	54200
സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് അവശ്യ സാധനങ്ങൾ വാങ്ങൽ (299/2021)	₹450000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	ഫയൽ അപൂർണ്ണം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	353836
ഗ്രീൻ പ്രോട്ടോക്കോൾ (306/2021)	₹152200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ₹47800/-	ഫയൽ അപൂർണ്ണം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	149900

	(തനത് ഫണ്ട്), ആകെ-₹200000/-			
ഫയർഫോഴ്സ് ഫീസ് കുഴൽക്കിണർ മെയിന്റനൻസ് (313/2021)	₹60000/- (തനത് ഫണ്ട്)	ഫയൽ അപൂർണ്ണം	തനത് ഫണ്ട്	58890
അംഗൻവാടി ജീവനക്കാർക്ക് അധിക ഹോണറേറിയം (314/2021)	₹2034496/- (വികസനഫണ്ട്-പൊതുവിഭാഗം)	ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	വികസനഫണ്ട്-പൊതുവിഭാഗം	1095000
ഹരിതകർമ്മ സേനയ്ക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ (392/2021)	₹100000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	100000
നഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും ശുചീകരണ തൊഴിലാളികൾക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങി നൽകൽ (400/2021)	₹200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	91868
			ആകെ	1903694

ഫയലുകൾ ഹാജരാക്കുന്നതിനും അപൂർണ്ണമായി ഹാജരാക്കിയ ഫയലുകൾ എല്ലാ രേഖകളുടെ പിൻബലത്തോടെ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് റിക്വസിഷന് (നം.1/20.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, ₹19,03,694/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 വ്യാപാരികൾക്ക് വേസ്റ്റ് ബിൻ വിതരണം - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങൾക്ക് വേസ്റ്റ് ബിൻ വാങ്ങി നൽകുന്നതിനായി 2019-20 ൽ പ്രോജക്ട് ആവിഷ്കരിക്കുകയും 2020-21ൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹9,00,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, സർക്കാർ മാനദണ്ഡപ്രകാരമല്ല പ്രോജക്ട് നടപ്പാക്കിയത്.

പ്രോജക്ടിന്റെ പേര്	അടങ്കൽ (₹)	ബിൽ/ചെക്ക് നം./ തിയതി	ഫണ്ട്	തുക (₹)	നിർവ്വഹണ ഉദ്യോഗസ്ഥൻ
വ്യാപാര സ്ഥാപനങ്ങൾക്ക് വേസ്റ്റ് ബിൻ നൽകൽ (308/2021)	₹880000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്	20100452012900475645/ 26.08.2020	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	880000	സെക്രട്ടറി
	₹20000/- തനത് ഫണ്ട്	2705/17.10.2020	തനത് ഫണ്ട്	20000	
ആകെ	900000			900000	

1200 വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുന്നതിന് 04.11.2019-ലെ ബി.6-6384/19 നോട്ടീസ് പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറവ് തുക ക്വോട്ട് ചെയ്ത (₹546.34/ബിൻ) മരിയ ഹൈജീൻ സൊല്യൂഷൻ, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 29.11.2019-ലെ കമ്മിറ്റിയുടെ 2-3തീരുമാന പ്രകാരം അംഗീകരിച്ചു. 08.01.2020-ലെ ബി.6-11000 കത്ത് പ്രകാരം 1648 വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകുകയും 01.02.2020-ലെ ചുവടെ കൊടുത്തിരിക്കുന്ന ഇൻവോയ്സുകൾ പ്രകാരം 32 ലിറ്റർ കപ്പാസിറ്റിയുള്ള 1650 ഡസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ക്രമ നം.	ഇൻവോയ്സ് നം.	തീയതി	എണ്ണം	തുക ₹
1	9	01.02.2020	825	450000
2	10	01.02.2020	825	450000
			ആകെ	900000

മാലിന്യ സംസ്കരണത്തിനുള്ള മാർഗ്ഗനിർദേശങ്ങൾ പ്രകാരം വ്യപാര സ്ഥാപനങ്ങൾ സ്വന്തം നിലയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. വ്യാപാര സ്ഥാപനങ്ങൾക്ക് പുതിയ ലൈസൻസ് അനുവദിക്കുന്ന അവസരത്തിലും ലൈസൻസ് പുതുക്കുന്ന അവസരത്തിലും സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കേണ്ടതാണെന്ന് പഞ്ചായത്ത് തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ സംസ്കരിക്കേണ്ടതും നീക്കം ചെയ്യേണ്ടതും സ്ഥാപനങ്ങളുടെ സ്വന്തം ഉത്തരവാദിത്തമായിരിക്കെ വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുത്തത് ക്രമപ്രകാരമല്ല.

മാലിന്യ നിർമ്മാർജ്ജനത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ക്രിയാത്മകമായ പ്രോജക്ടുകൾ ഏറ്റെടുക്കാതെ വേസ്റ്റ് ബിൻ വിതരണം പോലുള്ള ദീർഘ വിക്ഷണമില്ലാത്ത ഹ്രസ്വകാല പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് മാലിന്യ നിർമ്മാർജ്ജനത്തിന്

സ്ഥായിയായ പരിഹാരമല്ല.

13.09.2018-ലെ സ.ഉ(ആ)65/2018 പ്രകാരം പുറപ്പെടുവിച്ച കേരള സ്റ്റേറ്റ് പോളിസി ഓൺ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രകാരം ബയോ ഡീഗ്രേഡബിൾ, നോൺ-ബയോ ഡീഗ്രേഡബിൾ, ഡൊമസ്റ്റിക്ക് ഹസാഡസ് വേസ്റ്റുകൾ തരംതിരിച്ച് വ്യത്യസ്ത നിറങ്ങളിലുള്ള ബിന്നുകളിൽ നിക്ഷേപിച്ച് നിർമ്മാർജ്ജനം ചെയ്യുകയോ ഹരിത കർമ്മസേനയ്ക്ക് കൈമാറുകയോ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണെന്നിരിക്കെ ഗ്രാമപഞ്ചായത്ത് വേസ്റ്റ് ബിൻ വാങ്ങി നൽകിയത് ക്രമവിരുദ്ധമാണ്.

വാങ്ങാൻ ഉദ്ദേശിക്കുന്ന വേസ്റ്റ് ബിന്നുകളുടെ എണ്ണം പ്രോജക്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. 1200 വേസ്റ്റ് ബിന്നുകൾ വാങ്ങുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ, 1658 വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുന്നതിനാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. 1650 വേസ്റ്റ് ബിന്നുകളാണ് വിതരണം ചെയ്തിട്ടുള്ളത്. വ്യക്തമായ എണ്ണം നിശ്ചയിക്കാതെയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്.

മരിയ ഹൈജീൻ സൊല്യൂഷന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം 1650 ഡസ്റ്റ് ബിന്നുകളാണ് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ, വേസ്റ്റ് ബിന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും വ്യാപാരികൾക്ക് വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 492 സ്ഥാപനങ്ങൾക്കാണ് 2020-21-ൽ ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ, 1650 വേസ്റ്റ് ബിന്നുകളാണ് ഗ്രാമപഞ്ചായത്ത് വാങ്ങിയത്. മാനദണ്ഡപ്രകാരമല്ലാതെ പ്രോജക്റ്റ് ഏറ്റെടുത്തതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ബാദ്ധ്യതയായി കണക്കാക്കി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രോജക്റ്റിനായി ചെലവഴിച്ച ₹9,00,000/- തടസപ്പെടുത്തുന്നു.

1-38 സുഭിക്ഷകേരളം - തരിശുഭൂമിയിൽ ഏത്തവാഴകൃഷി- പ്രോജക്റ്റ് നടത്തിപ്പിൽ ഗുരുതര ക്രമക്കേടുകൾ

പ്രോജക്റ്റ് നം.	എസ്.-406/21
ചെലവ് തുക	₹13,20,000/-
ബിൽ നം.	20100452009501263928/16.03.2021

കൃഷി ഓഫീസർ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്ന് ₹13,20,000/- വകയിരുത്തി 2020-21-ൽ നടപ്പാക്കിയ പ്രോജക്റ്റാണിത്. മൂന്ന് വർഷത്തിൽ കുറയാതെ തരിശായി കിടക്കുന്ന ഭൂമിയിൽ ഏത്തവാഴ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, 250 ഏത്തവാഴക്കന്നുകൾ ഒരു യൂണിറ്റായി കണക്കാക്കി സ്ഥല വിസ്തൃതി അനുസരിച്ച് യൂണിറ്റിന്റെ ഗുണിതങ്ങൾ ഗുണഭോക്താവിന് നല്കുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇ-ടെണ്ടറിൽ പങ്കെടുത്ത്, വിത്തിന് കുറഞ്ഞ നിരക്ക് (₹11.48/-) ക്വോട്ട് ചെയ്ത ഹരിതശ്രീ ഓർഗാനിക് നേഴ്സറി, വലിയ തോവാള എന്ന സ്ഥാപനത്തിൽ നിന്ന് 114983 വാഴവിത്തുകൾ വാങ്ങിയെന്ന് സൂചിപ്പിക്കുന്ന ഒരു ബിൽ (നം. 4/08.03.2021) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് വിവരം

രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

എ) കൈപ്പറ്റിയ വാഴവിത്തുകളുടെ എണ്ണത്തിൽ ഗണ്യമായ വ്യത്യാസം

ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 20 വാർഡുകളിലായി ആകെ 366 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നു. 314 ഏത്തവാഴ വിത്തുകൾ ഒരു യൂണിറ്റായി കണക്കാക്കി ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് എന്ന രീതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരും വാഴ വിത്തുകൾ കൈപ്പറ്റിയതായുള്ള രേഖകളാണ് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. അതിൻപ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം.	വാഴവിത്തുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം	വിതരണ ചെയ്ത വാഴവിത്തുകളുടെ എണ്ണം (ഗുണഭോക്താക്കളുടെ എണ്ണംX314)
1	21	6594
2	20	6280
4	8	2512
6	18	5652
7	48	15072
8	2	628
9	20	6280
10	21	6594
11	20	6280
12	11	3454
13	20	6280
14	20	6280

15	17	5338
16	20	6280
17	20	6280
18	17	5338
19	5	1570
20	18	5652
21	20	6280
22	20	6280
ആകെ	366	114924*
*ലഭിച്ചതിൽ 59 വാഴ വിത്തുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല		

വിതരണത്തിന്റെ കൃത്യതയും ആധികാരികതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥിരതാമസക്കാരും ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടതുമായ ഏതാനും ഗുണഭോക്താക്കളുടെ വീടുകൾ ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ച് അവർക്ക് ലഭ്യമായ വാഴവിത്തുകളുടെ വിശദാംശങ്ങൾ ആരായുകയും കൈപ്പറ്റ് വിവരം രേഖമൂലം എഴുതി വാങ്ങുകയും ചെയ്തു. പ്രസ്തുത രേഖകളും നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ കൈപ്പറ്റ് രേഖകളും ഒത്തു നോക്കിയതിൽ ഇരു കൈപ്പറ്റ് രസീതുകളും തമ്മിൽ പ്രകടമായ വ്യത്യാസം കണ്ടെത്തി. ഒരാളൊഴികെ എല്ലാവരും തന്നെ മേൽ സൂചിത പട്ടികയിൽ സൂചിപ്പിക്കുന്ന ഒരു യൂണിറ്റിന്റെ (314എണ്ണം) 10% പോലും കൈപ്പറ്റിയതായി രേഖാമൂലം സമ്മതിച്ചിട്ടില്ല. വ്യത്യാസത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃ പട്ടിക പ്രകാരമുള്ള നമ്പർ (A)	ഗുണഭോക്താവിന്റെ പേര് (B)	ഗുണഭോക്താവ് ലഭ്യമാക്കിയ രേഖ പ്രകാരം കൈപ്പറ്റിയ വാഴവിത്തുകളുടെ എണ്ണം (C)	കൈപ്പറ്റിയ വാഴവിത്തുകളുടെ എണ്ണത്തിലുള്ള കുറവ് (D) (D=314-C)	വിതരണം ചെയ്യാത്ത വാഴവിത്തുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയതുമൂലമുണ്ടായ നഷ്ടം (E) (E=Dx11.48)
	വാർഡ് – 7			
1	പി.റ്റി. സാംകുട്ടി പറയകുന്നിൽ	0	314	3604.72
9	ആർ. രവീന്ദ്രൻ	20	294	3375.12

	കോട്ടപ്പറമ്പിൽ			
11	സജിത്ക്കുമാർ ഇ.എസ്. ഇടപ്പള്ളിൽ	10	304	3489.92
15	രാജേഷ് എം.ആർ. മുട്ടമ്പലത്ത്	20	294	3375.12
17	ചിന്നമ്മ മാത്യു വാഴശ്ശേരിൽ	10	304	3489.92
20	എം.കെ. ശശി മുതിരപ്പാറയിൽ	10	304	3489.92
21	ബിജുകുമാർ മനയത്ത്	10	304	3489.92
23	രാജീവ് കുറുപ്പശ്ശേരിൽ	10	304	3489.92
22	ഓമന ഗോപി കുറുപ്പശ്ശേരിൽ	0	314	3604.72
28	ജയകുമാർ പാലത്തറയിൽ	25	289	3317.72
30	അജയകുമാർ തെക്കേക്കുറ്റ്	10	304	3489.92
32	ആലീസ് തോമസ് പറയകുന്നിൽ	10	304	3489.92
35	സജി ജോസഫ് വട്ടമറ്റത്തിൽ	0	314	3604.72
37	പ്രകാശൻ എസ് കാനത്തിൽ	10	304	3489.92
38	പ്രസന്നൻ എസ് കാനത്തിൽ	10	304	3489.92
39	സുമോദ് റ്റി. എസ്. താന്നിമൂട്ടിൽ	10	304	3489.92
	വാർഡ് – 13			
1	ഉഷാ ബാനർജി, ബ്ലോക്ക് നം. 474	25	289	3317.72

5	ഗീതാ മോഹൻദാസ് ഗോകുലം	25	289	3317.72
13	വി.വി. പ്രദീപ് വാഴെപ്പറമ്പിൽ	30	284	3260.32
15	ഷക്കീല ബീവി, ബ്ലോക്ക് നം. 240	25	289	3317.72
	വാർഡ് – 14			
1	മിനിമോൾ രാജേന്ദ്രൻ ബ്ലോക്ക് നം. 265	0	314	3604.72
2	പി. ഐ. ലിയാക്കത്ത് അലി, പുത്തൻവീട്ടിൽ	50	264	3030.72
3	എം.എം. ഫിലിപ്പോസ് മന്നത്താനിയിൽ	15	299	3432.52
	വാർഡ് – 15			
6	ശാന്തമ്മ രാജൻ മണലിൽ	15	299	3432.52
7	മൂസാക്കുട്ടി പി.എം. പുകമല	15	299	3432.52
13	മനോജ് രാമചന്ദ്രൻ നാഗത്തോലിൽ	50	264	3030.72
16	ലതാകുമാരി വി.എൻ വാഴപ്പള്ളിൽ	30	284	3260.32
17	സാലി വർഗീസ് മാളിയേക്കൽ	15	299	3432.52
	വാർഡ് – 16			
1	ജോൺ കെ.വി. കട്ടത്താഴെ	10	304	3489.92
2	ജിന്റോ അഗസ്റ്റിൻ കച്ചിറമറ്റം	0	314	3604.72
12	സൂസമ്മ ഫ്രാൻസിസ്	10	304	3489.92

	തൈലംതറയിൽ			
13	അലക്സ് കറുകയിൽ	10	304	3489.92
15	ഫിലിപ്പ് കലയത്തുംകുഴിയിൽ	20	294	3375.12
	വാർഡ് – 18			
2	റെജി സിബി അമ്പാട്ട്	0	314	3604.72
9	ഷാന്റി ബിജു അമ്പാട്ട്	10	304	3489.92
11	തെയ്യാമ്മ ചാക്കോ പഴംപുരയ്ക്കൽ	10	304	3489.92
12	മഞ്ജു ബിനോയി പ്ലാപ്പറമ്പിൽ	10	304	3489.92
13	ആലീസ് പഴംപുരയ്ക്കൽ	0	314	3604.72
16	രാജമ്മ തങ്കപ്പൻ കാട്ടുവിളയിൽ	10	304	3489.92
	വാർഡ് – 19*			
1	റോബിൻ ജോസഫ് കളത്തുകുന്നേൽ	20	294	3375.12
5	സുനിൽ കെ.കെ. കാഞ്ഞിരത്തുംകുഴിയിൽ	20	294	3375.12
		590	12284	141020.32

*ഗുണഭോക്തൃപട്ടികയിൽ വാർഡ് 19-ലെ ക്രമ നമ്പർ 2 സജി ആഗസ്തി, ഇരുമ്പുകുത്തിയിൽ എന്ന ഗുണഭോക്താവ് 500 വാഴവിത്തുകൾ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്

366-ൽ കേവലം 41 ഗുണഭോക്താക്കളെ സന്ദർശിച്ചപ്പോൾ ലഭ്യമായ വിവരമാണ് മേൽ പട്ടികയിൽ കാണുന്നത്. നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം അവർ ആകെ 12874(41X314 വാഴവിത്തുകൾ കൈപ്പറ്റിയപ്പോൾ ഗുണഭോക്താക്കൾ നേരിട്ട് നല്കിയ രേഖകൾ പ്രകാരം ആയത് 590മാത്രമാണ്. 12284 വാഴവിത്തുകൾ ലഭിക്കാത്തതിനാൽ ഇവിടെ മാത്രമുണ്ടായ നഷ്ടം ₹1,41,020/-യുടേതാണ്. ബാക്കി 324 ഗുണഭോക്താക്കൾക്ക് ലഭ്യമായ വാഴവിത്തുകളുടെ വിവരം ലഭ്യമാകുമ്പോൾ നഷ്ടം വളരെ വലുതാകാൻ സാദ്ധ്യതയുണ്ട്.

ബി) മറ്റ് അപാകതകൾ

സ്ഥല വിസ്തൃതി അനുസരിച്ച് യൂണിറ്റിന്റെ ഗുണിതങ്ങൾ ഗുണഭോക്താവിന് നൽകാമെന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. എന്നാൽ ഒരു യൂണിറ്റ് (250 എണ്ണം) നൽകുന്നതിന് ഗുണഭോക്താവിന്റെ കൈവശമുണ്ടായിരിക്കേണ്ട സ്ഥലത്തിന്റെ അളവ്

സൂചിപ്പിച്ചിട്ടില്ല.

250 വാഴ വിത്തുകൾ ഒരു യൂണിറ്റ് എന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്തതിന് ശേഷം 314 വാഴ വിത്തുകൾ ഒരു യൂണിറ്റായി കണക്കാക്കി വിതരണം ചെയ്തതിന്റെ കാരണം വ്യക്തമല്ല. ₹1,14,983/- വാഴ വിത്തുകൾ വാങ്ങിയെന്ന് സൂചിപ്പിക്കുന്നുണ്ടെങ്കിലും ഇത്രയും ഗണ്യമായ എണ്ണം വിത്തുകൾ കൃഷി ഓഫീസർ സംഭരിച്ചതിന്റെയും വാർഡുകളിൽ എത്തിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും യാതൊരു വിശദാംശങ്ങളും ഫയലില്ല.

എല്ലാ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ അപേക്ഷകൾ, നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ കൈപ്പറ്റ് രേഖകൾ, ഗുണഭോക്താക്കൾ നേരിട്ട് നല്കിയ കൈപ്പറ്റ് രേഖകൾ എന്നിവയിലെ ഒപ്പുകളിൽ വ്യത്യാസം കാണുന്നു. ആയതിനാൽ നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ കൈപ്പറ്റ് രേഖകളിലെ ഒപ്പുകളുടെ കൃത്യത പരിശോധിക്കേണ്ടിയിരിക്കുന്നു.

സുഭിക്ഷകേരളം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ 29.05.2020-ലെ സ.ഉ.(സാധാ) നം. 1009/2020/തസ്വഭവ പ്രകാരം ഭേദഗതികളും കൂട്ടിച്ചേർക്കലുകളും നടത്തിയിരുന്നു. പ്രസ്തുത ഉത്തരവിലെ ചുവടെ ചേർക്കുന്ന പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായി ഫയലിൽ രേഖയില്ല.

(2.2.1) മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യാത്ത ഭൂമിയെയാണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടത്. ബന്ധപ്പെട്ട കൃഷി ഓഫീസർ ഇക്കാര്യം സാക്ഷ്യപ്പെടുത്തണം. ഇവിടെ അപ്രകാരം ചെയ്തിട്ടില്ല.

(2.2.3) തരിശുഭൂമിയിലെ ആദ്യകൃഷിക്ക് മാത്രമാണ് തരിശു കൃഷിയുടെ ആനുകൂല്യം നല്കാവുന്നത്. ഇക്കാര്യം തെളിയിക്കുന്ന രേഖകൾ ഫയലിലില്ല.

(2.5.5) വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. വിളകളെ ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിലില്ല.

പ്രോജക്ട് നടത്തിപ്പിലെ ക്രമക്കേടുകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/23.12.2021) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവ്വഹണത്തിലെ ക്രമക്കേടിന്റെ വ്യാപ്തിയും ഇടപാടുകളുടെ നിജസ്ഥിതിയും പുറത്തുകൊണ്ടുവരുന്നതിന് വിശദമായതും ആഴത്തിലുള്ളതുമായ പരിശോധന അനിവാര്യമാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിരുത്തരവാദപരമായ നടപടികൾ മൂലം സർക്കാർ ഫണ്ടിന് ഉണ്ടായ നഷ്ടം നിജപ്പെടുത്തുന്നതിന് വിശദമായ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

1-39 തുക്കുപാലം അമിനിറ്റി സെന്റർ - നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല

തുക്കുപാലം ബസ്സ്സ്റ്റാന്റിനോട് ചേർന്ന് ടോയ്ലറ്റും റെസ്റ്റോറന്റ് കോംപ്ലക്സും നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച 'ഹരിത കേരളം തുക്കുപാലം ബസ്സ്സ്റ്റാന്റിൽ ടോയ്ലറ്റും ടൂറിസ്റ്റുകൾക്ക് അമിനിറ്റിസെന്ററും' (പ്രോജക്ട് നമ്പർ-137/18) എന്ന പദ്ധതി പ്രകാരം 2018-19, 2019-20 വർഷങ്ങളിലായി തുക ₹39,00,000/-യും തുടർന്ന് 2019-20-ൽ 'തുക്കുപാലം അമിനിറ്റിസെന്റർ പൂർത്തീകരണം'

(പ്രോജക്ട് നമ്പർ- 205/20) എന്ന പേരിലുള്ള പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ₹15,00,000/- വകയിരുത്തിയതിൽ നിന്ന് നിന്ന് 2019-20, 2020-21 വർഷങ്ങളിലായി ₹14,86,937/-യും ചെലവഴിച്ചിരിക്കുന്നു. 2019-20 വർഷം തന്നെ ആരംഭിച്ച 'അമിനിറ്റിസെന്റർ നിർമ്മാണം തുക വകയിരുത്തൽ' (പ്രോജക്ട് നമ്പർ-269/20) എന്ന പദ്ധതി പ്രകാരം 2019-20, 2020-21 വർഷങ്ങളിലായി ₹22,66,597/- ചെലവഴിച്ചിരിക്കുന്നു. 'അമിനിറ്റി സെന്റർ ഇലക്ട്രിഫിക്കേഷൻ' (പ്രോജക്ട് നമ്പർ-332/21) എന്ന പദ്ധതി പ്രകാരം ₹11,96,017/- ചെലവഴിച്ചിരിക്കുന്നു. വിവിധ വർഷങ്ങളിലായി വിവിധ പദ്ധതികളിലൂടെ തൂക്കുപാലം ബസ്സ്സ്റ്റാന്റിനോട് ചേർന്ന് ഇരുനിലകളിലായി ₹88,49,551/- ചെലവഴിച്ച് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നു. താഴത്തെ നിലയിൽ റെസ്റ്റോറന്റിനും ടോയ്‌ലറ്റ് സൗകര്യവും മുകളിലത്തെ നിലയിൽ ദിവസ വാടകയ്ക്ക് നൽകുന്നതിന് ഉതകുന്ന വിശാലമായ 9 മുറികളും ഉൾപ്പെടുന്നു. എന്നാൽ രാമക്കൽമേട് വിനോദ സഞ്ചാര കേന്ദ്രത്തോട് ചേർന്ന് കിടക്കുന്ന ഈ കെട്ടിടം നാളിതുവരെയായി ലേലം ചെയ്ത് നൽകിയിട്ടില്ല. എത്രയും പെട്ടന്ന് തന്നെ ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 ഇ-ടെൻഡർ ഫോം വില ,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം 184 പ്രോജക്ടുകൾക്കായി ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പ്രവൃത്തികളുടെ എണ്ണം	ഫോം വില
2020-21	184	216520

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(i) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന കരാർ ചമയ്ക്കാത്ത വാടകക്കാരിൽ നിന്നും തൻവർഷ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

രജി. പേജ് നം.	കടമുറി/ നമ്പർ	പേര്	വാടക തുക(₹)	കുടിശിക മാസങ്ങൾ	തുക ₹
ഈസ്റ്റ് ഷോപ്പിംഗ് കോംപ്ലക്സ്					
10	9	അബ്ദുൾ കരീം	2552	2	5104

11	10	വർഗീസ് എം. പി.	2552	2	5104
16	15	സിന്ധു സുകുമാരൻ നായർ	7147	5	35735
19	18	പി.ജി. രവീന്ദ്രനാഥ്	3957	5	19785
20	19	ഷാലി ദേവദാസ്	387	10	3870
21	20	അഡ്വ. ഗോപാലകൃഷ്ണൻ	1497	10	14970
23	21	ഷാലി ദേവദാസ്	2312	10	23120
സ്റ്റേഡിയം കോംപ്ലക്സ്					
31	-	ഓമന	5404	10	54040
36	46	അഭിലാഷ് കെ.	4497	10	44970
44	40	കിറ്റ്കോ	4497	12	53964
വെസ്റ്റ് കർഷക മാർക്കറ്റ് കോംപ്ലക്സ്					
48	109, 110	എം. സുകുമാരൻ, പ്രസിഡന്റ് കരുണ ചാരിറ്റബിൾ സൊസൈറ്റി	525	10	5250
51	114	ജെയിംസ് തോമസ്	1968	10	19680
53	117	സുജാത രാധാകൃഷ്ണൻ	1755	10	17550
54	-	റംല നൌഷാദ്	1532	10	15320
55	-	മീന , മന്നിക്കൽ	1543	10	15430
70	എഴുകുംവയൽ ഷോപ്പിംഗ് കോംപ്ലക്സ്	അജിതാ ഷിജു	1323	12	15876
				ആകെ	349768

18% ജി.എസ്.ടി.-യും അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശിക തുക ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വ്യക്തമല്ല. തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കട മുറികൾ വാടകയ്ക്ക് നൽകരുതെന്ന വ്യവസ്ഥ ലംഘിച്ച് ഇവർക്ക് തുടർന്നുള്ള വർഷങ്ങളിലും കരാറിലേർപ്പെടാതെതന്നെ അതേ മുറികൾതന്നെ വാടകയ്ക്ക് നല്കിയിരിക്കുന്നതായി രജിസ്റ്ററിൽ കാണുന്നു. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണിത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/22.12.2021)) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശികയുള്ളവർക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. കരാർ ചമയ്ക്കാതെയുള്ള ഡിമാന്റ് നോട്ടീസിന് നിയമപരമായ സാധുതയില്ലാത്തതിനാൽ മറുപടി അംഗീകരിക്കാനാവില്ല. കരാറിലേർപ്പെടാത്തതിനാലും ഇതുവരെ തുക ഈടാക്കാത്തതിനാലും ₹3,49,768/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. കുടിശ്ശിക തുക വാടകക്കാരിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-2 ലേല തുക ഈടാക്കിയിട്ടില്ല

ലേല രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാർ ചമക്കാത്ത കുത്തകക്കാരിൽ നിന്നും തൻവർഷ ലേല തുക ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

രജി. പേജ് നം.	ലേലത്തിൽ നല്കിയ സ്ഥലം/അവകാശം	കുത്തകക്കാരന്റെ പേര്	ലേല തുക (₹)
11	മാർക്കറ്റിലെ സെമി ക്ലോസ്ഡ് റൂം നം. 5	അബ്ദുൾ മുത്‌ലിഫ്	12600
12	മാർക്കറ്റിലെ സെമി ക്ലോസ്ഡ് റൂം നം. 6	കമറുദ്ദീൻ മഠത്തിൽ	13100
25	തുക്കുപാലം ഇറച്ചിവ്യാപാരം	സന്ദീപ് സജി	310000
30	എഴുകുംവയൽ ഇറച്ചിവ്യാപാരം	ബാബു മഞ്ഞപ്പള്ളിക്കുന്നേൽ	30000
33	മഞ്ഞപ്പാറ ഇറച്ചിവ്യാപാരം	പ്രജീഷ് മൈലക്കൽ	75000
37	പൊന്നാമല ഇറച്ചിവ്യാപാരം	സന്ദീപ് സജി	10000
		ആകെ	450700

18% ജി.എസ്.ടി.-യും അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശിക തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല. കരാറിലേർപ്പെടാത്തതിനാലും ഇതുവരെ തുക ഈടാക്കാത്തതിനാലും ₹4,50,700/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/12.12.21) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ലേലത്തുക കുത്തകക്കാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു നൽകിയതു കൊണ്ട് നഷ്ടം ₹ 15,298/-

പദ്ധതി നമ്പർ/പദ്ധതി	146/20-21 അംഗൻവാടി പോഷകാഹാരം ജനറൽ & 147/20-21 അംഗൻവാടി പോഷകാഹാരം(എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ	₹40,00,900/- ₹24,00,900/- പ്ലാൻ ഫണ്ട് ₹1,00,000/- ധനകാര്യ കമ്മീഷൻ ₹15,00,000/- കേന്ദ്ര ഫണ്ട് &

	₹6,00,000/-എസ്.സി.പി
ചെലവ്	₹ 40,00,900/- ₹24,00,900/- പ്ലാൻ ഫണ്ട് ₹1,00,000/- ധനകാര്യ കമ്മീഷൻ ₹15,00,000/- കേന്ദ്ര ഫണ്ട് & ₹6,00,000/- എസ്.സി.പി
ബിൽ നം,തീയതി,തുക	ട്രാൻസ്പോർട്ട് ബില്ലുകൾ മാത്രം 20100452009900828642, 15.12.20, 4,00,000/- 20100452009901113846, 19.02.21, 3,99,228/- 20100452009901234220, 12.03.21,10,721/-
ആകെ	₹46,00,900/-

2020-21-ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാരം ജനറൽ & അംഗൻവാടി പോഷകാഹാരം(എസ്.സി) എന്നീ പദ്ധതികൾ പ്രകാരം ₹46,00,900/- (4000900 + 600000) ചെലവായിട്ടുണ്ട്. ഇതിൽ ₹83,295/- അംഗൻവാടികളിലേയ്ക്ക് ഭക്ഷ്യ വസ്തുക്കൾ ഇറക്കുന്നതിനായി വാഹന ക്വട്ടേഷൻ ലഭിച്ച ലിയാഖത്ത് അലി എന്ന വ്യക്തിക്കാണ് നൽകിയിരിക്കുന്നത്. അംഗൻവാടികളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ ഇറക്കുന്നതിനായി കിലോയ്ക്ക് ₹2/- കണക്കിൽ ഷെഫിൻ ഷാജഹാൻ, കിഴക്കേപറമ്പിൽ എന്ന വ്യക്തി 06.07.2020-ൽ പഞ്ചായത്തിൽ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. 08.07.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (2) നമ്പർ തീരുമാനപ്രകാരം, ഗോഡൗൺ സൗകര്യം ഇല്ലായെന്ന് ടിയാൻ കത്ത് നൽകിയതിനാൽ ഷെഫിൻ ഷാജഹാനെ ക്വട്ടേഷനിൽ നിന്ന് ഒഴിവാക്കുകയും രണ്ടാമത്തെ കുറവ് തുക രേഖപ്പെടുത്തിയ പി. ഐ. ലിയാഖത്തലി, ഗോൾഡ് സ്റ്റാറ്റ്, നെടുംകണ്ടം എന്ന വ്യക്തിയുടെ ₹2.45-യുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാനുമായി കരാറിൽ ഏർപ്പെടുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ഇതുമൂലം പഞ്ചായത്തിന് ₹15,298/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 3-ൽ ചേർത്തിട്ടുണ്ട്.

3-2 ലൈഫ് ഭവന പദ്ധതിയിൽ (എസ്.സി)അധിക സാമ്പത്തിക സഹായം നൽകിയതുകൊണ്ടുള്ള നഷ്ടം ₹1,20,000/-

പദ്ധതി നമ്പർ/പദ്ധതി	104/19-20, 178/19-20, 282/20-21 ലൈഫ് ഭവന പദ്ധതി (എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ., നെടുങ്കണ്ടം സർക്കിൾ
ബിൽ നം, തീയതി, തുക	19100452009601136609/24.01.20, ₹40,000/- 19100452009601288011/17.02.20, ₹1,60,000/- 19100452009601643205/30.03.20, ₹1,60,000/-

	20100452009600028458/11.04.20, ₹1,60,000/-

വി.ഇ.ഒ., നെടുങ്കണ്ടം സർക്കിൾ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം സുജാത ഗോപി, കന്നകെട്ടുമുകളേൽ, പുഷ്പകണ്ടം പി. ഒ. എന്ന വ്യക്തിക്ക് 4 ബില്ലുകളിലായി ₹5,20,000/- നൽകിയതായി കാണുന്നു. ലൈഫ് ഭവന പദ്ധതിയിൽ എസ്.സി. വിഭാഗത്തിന് നൽകാവുന്ന പരമാവധി തുക ₹4,00,000/- ആണ്. ഇവിടെ ₹1,20,000/- അധികം നൽകിയിരിക്കുന്നതിനാൽ ₹1,20,000/- നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന്റെ കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21	ഓഡിറ്റിനോടൊപ്പം പരിശോധിച്ചു	

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തുക ലഭിച്ച വർഷം	വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക ₹	പ്രോജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ് ₹
2020-21	ബ്ലോക്ക് പഞ്ചായത്ത്	265802	ലൈഫ് ഭവനപദ്ധതി	0	265802
		107098	സ്കോളർഷിപ്പ്	107098	0
		275519	ജവഹർ ഭവനപദ്ധതി	275519	0
		570000	ലൈഫ് ഭവനപദ്ധതി	0	570000
	ജില്ലാ പഞ്ചായത്ത്	500000	സ്കോളർഷിപ്പ്	500000	0
		4350000	ലൈഫ് ഭവനപദ്ധതി	0	4350000
		500000	മിൽക്ക് ഇൻസെന്റീവ്	500000	0

4-3 നിക്ഷേപ പ്രവൃത്തികൾ

– ഇല്ല –

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ-വായ്പ തിരിച്ചടവ്

തൻ വർഷം പഞ്ചായത്തിന് KURDFC വായ്പയിനത്തിൽ വാർഷിക ധനവിവര പത്രിക പ്രകാരം ₹1,61,73,674/- വരവുണ്ട്. എന്നാൽ ജവഹർ ഭവന പദ്ധതി ലോണിനത്തിൽ വരവൊന്നുമില്ല. രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാലും കണക്കുകൾ പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ചില ക്രമീകരണങ്ങൾ അവ്യക്തമായതിനാലും നീക്കിയിരുപ്പ് തുകകളുടെ കൃത്യത (വിശിഷ്യാ

KURDFC വായ്പ ഉറപ്പാക്കാനായിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും ധനകാര്യ പത്രിക ആസ്പദമാക്കിയുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	ലഭിച്ച വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ (2019-20 വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-5] പ്രകാരം)	തൻ വർഷം ലഭിച്ച വായ്പ ₹	തൻവർഷം തിരിച്ചടച്ച തുക ₹		വായ്പ / വായ്പാ തിരിച്ചടവ് വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ (2020-21 വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-5 പ്രകാരം)
					മുതൽ	പലിശ	
ജവഹർ ഭവന പദ്ധതി	സ.ഉ(ആർ.റ്റി) 1577/2015 ത.സ്വ.ഭ.വ തീയതി 27.5.15	40000000	24000000	0	4000000	2145110	20000000
ലൈഫ് ഭവന പദ്ധതി	സ.ഉ(കൈ) 88/2020/ ത.സ്വ.ഭ.വ	130567156	63074682	5369215		0	73879141

രജിസ്റ്റർ തയ്യാറാക്കി കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

2019-20 ധനകാര്യ പത്രിക പ്രകാരം സ്ഥിര നിക്ഷേപങ്ങളുടെ നീക്കിയിരിപ്പ് ₹1,61,87,715/-യാണ്. എന്നാൽ പ്രസ്തുത തുകയിൽ ഉൾപ്പെട്ട ₹3,39,460/-യുടെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് (FD. No. 1942/തീ. 10.03.2020) ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള കരാറിനൊപ്പം ഹാജരാക്കിയ നിരതദ്രവ്യമായിരുന്നു. പ്രസ്തുത തുക ഒഴിവാക്കിയാണ് തൻവർഷത്തെ മുന്നിരിപ്പ് നിർണ്ണയിച്ചിട്ടുള്ളത് (16187715 – 339460 = ₹15848255).

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	₹15848255
പലിശയിനത്തിലുള്ള വരവ്	₹428081

തൻവർഷം നിക്ഷേപിച്ച തുക	₹1100000
ആകെ	₹17376336
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	₹1,73,76,336

വർഷവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച തീയതി	കാലയളവ്	തുക ₹	റിമാർക്സ്
1	നെടുങ്കണ്ടം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	31.03.2020	1വർഷം	851000	549/2020 തീ:31.03.2020
2	നെടുങ്കണ്ടം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	27.02.2020	1വർഷം	1000000	511/2020 വരെ തീ: 27.02.2020
3	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	04.04.2020	1 വർഷം	2056021	1820/2020തീ:31.03.2020
4	നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്ക്	30.03.2021	1 വർഷം	2000000	9485/2021 തീ. 30.03.2021
5	ഇടുക്കി ജില്ലാ ഡീലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	30.03.2021	1 വർഷം	370660	4000/2021 തീ. 30.03.2021
6	നെടുങ്കണ്ടം സർവീസ് സഹകരണ ബാങ്ക്	01.02.2021	03 മാസം	5355135	8031/ 2021 തീ. 01.02.2021
7	ഇടുക്കി ജില്ലാ ഡീലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	30.03.2021	1 വർഷം	538750	3999/തീ.30.03.2021
8	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	19.03.2021	30 ദിവസം	600000	213/തീ.19.03.2021
9	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	13.10.2020	03 മാസം	500000	094/ തീ. 13.10.20 (കാലാവധി കഴിഞ്ഞെങ്കിലും പുതുക്കിയിട്ടില്ല.)
10	എഴുകും വയൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	27.02.2020	1 വർഷം	1000000	5998/ തീ27.02.2020 (കാലാവധി കഴിഞ്ഞെങ്കിലും പുതുക്കിയിട്ടില്ല.)
11	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	17.03.2020	1വർഷം	1000000	1948/ തീ.17.03.2020

12	ഇടുക്കി ജില്ലാ ഡീലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	30.03.2021	03 മാസം	1000000	4701/തീ.31.03.2021
13	നെടുങ്കണ്ടം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	27.02.2020	1 വർഷം	1000000	510/2020 തീ. 27.02.2020 (കാലാവധി കഴിഞ്ഞെങ്കിലും പുതുക്കിയിട്ടില്ല.)
14	ഇടുക്കി ജില്ലാ ഡീലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	30.03.2021	1 വർഷം	104770	3998/തീ. 30.03.2021

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000	33	2002-2003	-	പോളിടെക്നിക് കെട്ടിട നിർമ്മാണം - സ്ഥലമെടുപ്പ് നഷ്ടം ₹11,62,075/-	
2000-01	33	2003-04	-	മണ്ണിര കമ്പോസ്റ്റ് - ജൈവവള വിതരണം	
2000-01	34	2003-04	-	ഹ്രസ്വകാല കൃഷിക്കുള്ള സബ്സിഡി	
2002-03	3-12	2005-06	-	കാർഷിക പദ്ധതികളിൽ ധനാപഹരണം ₹3.16 ലക്ഷം നഷ്ടം	
2002-03	3-13	2005-06	-	കൃഷി ഓഫീസർ വൗച്ചറുകൾ ഹാജരാക്കിയില്ല	
2003-04	2-1	2006-07		നിയമപരമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല	
	3-3			വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല	
	3-7				
	3-11				
	3-12				
	3-17				
2005-06	2-4	2009-10		ഗ്രാമ പഞ്ചായത്ത് കടമുറികൾ നഷ്ടം ₹50,787/-	
2012-13		2014-15		വിഷയാധിഷ്ഠിത അവലോകനം (നിഷ്ക്രിയാസ്തികൾ)	

2015-16	2-3	2016-17	അനുബന്ധം 4	വസ്തുനിഷ്ഠ അപാകതകൾ	

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	ചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക			ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13
– ഇല്ല –												

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക			ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13
1	1996-97	31	ബി. ചെല്ലമ്മ	LF 25505/ SC2/99 Dt.18.11.19	42382						42382	
2	1996-97	34	ബി. ചെല്ലമ്മ	LF.25505/ Spl.Cell/ SC1/ 99(4) Dt.15.01.02	2022						2022	
3	1997-98	25,26,31	ജി. ശിവരാജൻ, സെക്രട്ടറി	LF 24527/ Sc2/00 Dt. 16/09	1394				0		1394	

4	1999-00	49,50	മാത്യു തോമസ്	LF 15633SC2/02 DT.24/02/03	124550	124550 Rt.No. 11402108243/ 05.02.15			0		124550	
5	2000-01	39, 40	വി. എസ് മുഹമ്മദ്, സെക്രട്ടറി	Lf 18107/03 Dt.17.04.2004	9722				0		9722	
6	2000-01	33	ബാബു, അറ്റൻഡർ, കൃഷിഓഫീസ്	LF 18107/03 DT.31/03/04	96250				0		96250	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹2,16,28,024
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹ 16,33,94,741
ആകെ	₹18,50,22,765
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹16,01,99,008
നീക്കിയിരിപ്പ്	₹2,48,23,757
വരവിനങ്ങളിലുള്ള നഷ്ടം	₹8,00,468
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹1,35,298
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹72,05,305

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

	നഷ്ടമായ തുക	₹	
ഖണ്ഡിക നം.	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	349768		ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
2-2	450700		ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
3-1		15298	മേരിക്കുട്ടിമാണി, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മുൻ ഭരണ സമിതി അംഗങ്ങൾ (തുല്യ ഉത്തരവാദിത്വം)
3-2		120000	ശ്രീജ ആർ., വി.ഇ.ഒ.

ആകെ	800468	135298	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	502425	ശ്രീ. പ്രവീൺകുമാർ എസ്., അസിസ്റ്റന്റ് സെക്രട്ടറി
1-26	1166370	ശ്രീ. പ്രവീൺകുമാർ എസ്., അസിസ്റ്റന്റ് സെക്രട്ടറി
1-30	1899900	ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
1-31	470770	ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
1-32	198750	ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
1-33	163396	ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
1-36	1903694	ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
1-37	900000	ശ്രീ. അജികുമാർ എ. വി., സെക്രട്ടറി
ആകെ	7205305	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹	സർക്കാർ
	– ഇല്ല -	

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ	- ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ആലീസ് തോമസ് മെമ്പർ	ലഭ്യമല്ല	പൂവത്താനിക്കുന്നേൽ, മാവടി പി. ഒ.

സൂസൻ ചാണ്ടി മെമ്പർ	ലഭ്യമല്ല	കുളത്തിങ്കൽ, നെടുങ്കണ്ടം പി. ഒ.
ശ്രീദേവി കലാധരൻ മെമ്പർ	ലഭ്യമല്ല	കുമരപ്പിള്ളിൽ, നെടുങ്കണ്ടം പി. ഒ.
ലൈലത്ത് ബീവി മെമ്പർ	ലഭ്യമല്ല	തോനംമാക്കൽ, നെടുങ്കണ്ടം പി. ഒ.
എസ് ജ്ഞാനസുന്ദരൻ മെമ്പർ	ലഭ്യമല്ല	കുഴിക്കാല, നെടുങ്കണ്ടം പി. ഒ.
ശ്യാമള വിശ്വനാഥൻ മെമ്പർ	ലഭ്യമല്ല	കാലായിൽ, കോമ്പയാർ പി. ഒ.
ഓമന വിജയൻ മെമ്പർ	ലഭ്യമല്ല	വട്ടുതലയിൽ, പുഷ്പകണ്ടം പി. ഒ.
വിജുമോൾ കെ. മെമ്പർ	ലഭ്യമല്ല	വെട്ടിക്കൽ, രാമക്കൽമേട് പി. ഒ.
ഷാന്റി ജോസഫ് മെമ്പർ	ലഭ്യമല്ല	ആനിക്കൽ, മുണ്ടിയെരുമ, കല്ലാർ പി. ഒ.
ജോയി കുന്നുവിളയിൽ മെമ്പർ	ലഭ്യമല്ല	കുന്നുവിളയിൽ, കോമ്പയാർ പി. ഒ.
ഷിഹാബുദീൻ മെമ്പർ	ലഭ്യമല്ല	ഈട്ടിക്കൽ, നെടുങ്കണ്ടം പി. ഒ.
കെ.എൻ തങ്കപ്പൻ മെമ്പർ	ലഭ്യമല്ല	കുന്നുംപുറത്ത്, ചേമ്പളം പി. ഒ.
ബിന്ദു ബിജു മെമ്പർ	ലഭ്യമല്ല	നെട്ടംപാറക്കൽ, ചക്കക്കാനം നെടുങ്കണ്ടം പി. ഒ.
സിസിലി ഷിജി പി. എം, മെമ്പർ	ലഭ്യമല്ല	ചാലക്കുഴിയിൽ, ചക്കക്കാനം, നെടുങ്കണ്ടം പി. ഒ.
അജിത ഷിബു, മെമ്പർ	ലഭ്യമല്ല	ചെരിക്കുന്നേൽ, മൈനർസിറ്റി, നെടുങ്കണ്ടം പി. ഒ.
ജിജോ മാത്യു, മെമ്പർ	ലഭ്യമല്ല	മരങ്ങാട്ട്, എഴുകുംവയൽ പി. ഒ.

ജോണി സ്കറിയ, മെമ്പർ	ലഭ്യമല്ല	പുതിയപറമ്പിൽ, എഴുകുംവയൽ പി. ഒ.
ആന്റണി ജോസഫ്, മെമ്പർ	ലഭ്യമല്ല	പെരുമ്പ്രായിൽ, പച്ചടി പി. ഒ.
എൽസി തോമസ്, മെമ്പർ	ലഭ്യമല്ല	ഈന്തനാൽ, പച്ചടി പി. ഒ.
റാണി തോമസ്, മെമ്പർ	ലഭ്യമല്ല	മാമ്മൂട്ടിൽ, ബഥേൽ പി. ഒ.
മേരിക്കുട്ടി മാണി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഉപ്പുതറ ഗ്രാമ പഞ്ചായത്ത്	അച്ചൻപറമ്പിൽ, നിർമ്മലസിറ്റി പി. ഒ. കട്ടപ്പന
ശ്രീജ ആർ. വി.ഇ.ഒ.	വി.ഇ.ഒ. കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്	ബ്ലോക്ക് നം. 433 കല്ലാർ പി. ഒ. തൂക്കുപാലം
ശ്രീ. അജികുമാർ എ. വി. സെക്രട്ടറി	സെക്രട്ടറി നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത്	സാരങ്കി, ഇടപ്പോൺ, ഐരാണിക്കുടി, മാവേലിക്കര
ശ്രീ. പ്രവീൺകുമാർ എസ്., അസ്സിസ്റ്റന്റ് സെക്രട്ടറി	ജൂനിയർ സൂപ്രണ്ട് തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്	ഉഷസ് ചവറ പി. ഒ. ചവറ – 691583 കൊല്ലം ജില്ല

4-11 തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1996-97	KSA-IDK-12/847/18 Dt.30.4.18	2	31, 34
1997-98	KSA-IDK-12/847/18 Dt.30.4.18	3	25, 26, 31
1998-99	KSA-IDK-12/847/18 Dt.30.4.18	1	22-C
1999-2000	KSA-IDK-12/847/18 Dt.30.4.18	2	39, 40
2000-01	KSA-IDK-12/847/18 Dt.30.4.18	8	21B, 22A, 22B, 23, 24,

			32, 33, 34, 39, 40
2001-02	KSA-IDK-12/847/18 Dt.30.4.18	8	2-1A, 2-1D, 2-10, 2-11, 2-14, 2-15, 2-16, 2-17
2002-03	KSA-IDK-12/847/18 Dt.30.4.18	8	2-6, 3-4, 3-9, 3-10, 3-11 A,3-11 B, 3-12, 3-13
2003-04	KSA-IDK-12/847/18 Dt.30.4.18	6	2-5, 3-5, 3-7, 3-11, 3-12, 3-17
2004-05	KSA-IDK-12/847/18 Dt.30.4.18	2	2-12, 3-12
2005-06	KSA-IDK-12/847/18 Dt.30.4.18	4	2-4,3-8,3-12,3-15
2006-07	LFI-12/1014/11 Dt.07.05.12	29	2-1 മുതൽ 2-10, 3-1 മുതൽ 3-19 വരെ
2007-08	LFI-12/168/11 Dt.3.01.12	28	2-1 മുതൽ 2-6, 3-1 മുതൽ 3-22 വരെ
2008-09	LFI-12/643/13 Dt.	24	2-1 A മുതൽ 2-5, 3-1 മുതൽ 3-16 വരെ
2009-10	LFI-12/886/12 Dt.12.4.13	18	2-1 മുതൽ 2-3, 3-1 മുതൽ 3-15 വരെ
2010-11	LFI-12/1234/14 Dt.24.01.15	17	2-1, 2-2, 3-1 മുതൽ 3-15 വരെ
2011-12	KSA-IDK-12/765/15 Dt.5.10.15	8	2-1, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6
2012-13	KSA-IDK-12/993/15 Dt.19.10.15	14	2-1, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9
2013-14	KSA-IDK-12/674/15 Dt.26.10.15	18	2-1 മുതൽ 2-5, 3-1 മുതൽ 3-13 വരെ
2014-15	KSA-IDK-12/1402/16	6	2-2, 2-3, 2-5, 3-1, 3-2
2015-16	KSA-IDK-12/648/17 Dt.31.08.17	6	2-1, 2-3, 3-1, 3-2, 3-3, 3-4, 3-5
2016-17	KSA-IDK-12/1555/17	7	2-1, 2-2, 2-3, 3-1, 3-2, 3-3, 3-4

2017-18	KSA-IDK-12/1178/18 Dt.24.1018	11	1-13 മുതൽ 1-29 വരെയും 1-32 മുതൽ 1-38 വരെയും
2018-19	KSA-IDK-12/859/20 Dt.11.12.2020	41	2-1. 2-2. 3-1. 3-2. 3-3. 3-4. 4-1 മുതൽ 4-11 വരെയും

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്